# തിരുഹൃദയ മാസിക

(Sacred Heart Monthly)

**Vol. 83**

**2018 January**

83

Years of Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Mathew Kuriathara**
S.H.Monthly
Catholic Mission Press Building
K.K. Road
Kottayam - 686 001

## ഈ ലക്കത്തിൽ

- സർക്കുലർ
- അജപാലന കേന്ദ്ര പ്രോഗ്രാമുകൾ
  ചൈതന്യ
  ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം
- അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്
  വിശ്വാസപരിശീലന കമ്മീഷൻ
  ഫാമിലി കമ്മീഷൻ
- പയസ് അസോസിയേഷൻസ്
  കെ.സി.വൈ.എൽ.
- സോഷ്യൽ ആക്ഷൻ കമ്മീഷൻ
  കെ.എസ്.എസ്.എസ്.
  മാസ്സ്
- കെ.സി.ഡബ്ല്യു.എ
- കെ.സി.സി.
- അഭി. പിതാക്കന്മാരുടെ ഡയറി
  Engagements
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- പൗരോഹിത്യ ആദ്ധ്യാത്മികത:
  സുവിശേഷ വിചിന്തനങ്ങൾ
- പൊതുവാർത്തകൾ

**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)

500 രൂപ (വിദേശം)

Circular No. 215
**Catechism Sunday 2017**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date:13-11-2017

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമെ,

2017 ഡിസംബർ 10-ാം തീയതി ഞായറാഴ്ച കോട്ടയം അതിരൂപത വിശ്വാസപരിശീലന ദിനമായി ആചരിക്കുകയാണ്. സഭ സ്വഭാവത്താൽ തന്നെ പ്രേഷിതയാണ്. സഭയുടെ പ്രേഷിതദൗത്യം നിർവ്വഹിക്കപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട വേദി വിശ്വാസപരിശീലനമാണ്. നമ്മുടെ സ്രഷ്ടാവും രക്ഷകനും ജീവദാതാവുമായ ദൈവത്തെ വി. കുർബാനയിലൂടെയും മറ്റു കൂദാശകളിലൂടെയും നമ്മൾ അനുഭവിക്കുന്നതിനും, തിരുവചനത്തിൽ കരുണാമയനും ആശ്വാസദായകനും സൗഖ്യദായകനുമായി കണ്ടുമുട്ടുന്ന ഈശോയെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നതിനും, സ്വഭാവത്താലെ പ്രേഷിതയായ സഭയോടു ചേർന്നു സാക്ഷ്യം നൽകുന്നതിനും, ക്രൈസ്തവജീവിതം നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനും വിശ്വാസപരിശീലനം നമ്മെ പ്രാപ്തരാക്കുന്നു. സഭയുടെ ഈ വലിയ പ്രവാചക- പ്രബോധന ശുശ്രൂഷയിൽ അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന എല്ലാ ബ. വികാരിയച്ച ന്മാരെയും വിശ്വാസ പരിശീലകരെയും ഈ അവസരത്തിൽ നന്ദി യോടെ സ്മരിക്കുകയും ഈ ദിനത്തിന്റെ ആശംസകൾ അർപ്പിക്കുകയും ചെയ്യുന്നു.

വിശ്വാസ പരിശീലനം, കുട്ടികളിൽ വിശ്വാസത്തിന്റെ വിത്തു പാകി അതു പുഷ്പിച്ച് ഫലം ചൂടാനുള്ള സാഹചര്യം സംജാതമാക്കണം. അതുകൊണ്ടു തന്നെ വിശ്വാസപരിശീലനം സഭയുടെ മുഴുവൻ ഉത്തരവാദിത്വമാണ്. ഇടവകയുടെ, മാതാപിതാക്കളുടെ, മതാദ്ധ്യാപകരുടെ, വിശ്വാസപരിശീലനം നേടുന്ന കുട്ടികളുടെ സംഘാതമായ പരിശ്രമത്തിലൂടെയേ വിശ്വാസപരിശീലനത്തിന്റെ ഫലപ്രാപ്തി കൈവരിക്കാനാവൂ. ഇടവകയിൽ മതബോധന പ്രവർത്തനങ്ങൾക്കായിരിക്കണം പ്രഥമ പ്രാധാന്യം നൽകേണ്ടത്.

വിശ്വാസപരിശീലനം, ഞായറാഴ്ച ആചരണത്തിന്റെ അവിഭാജ്യ ഘടകമാണ്. വിശ്വാസ പരിശീലകരുടെ നിസ്വാർത്ഥമായ സേവനത്തെ ഇടവകസമൂഹം മുഴുവൻ ആദരവോടെ കാണുകയും വിശ്വാസ ചൈതന്യവും ജീവിതമാതൃകയുമുള്ള കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

അപ്പസ്തോലിക പാരമ്പര്യത്തിലൂടെ പൂർവ്വികർക്കു ലഭിച്ച വിശ്വാസ ചൈതന്യം തലമുറ കൈമാറി ഇന്നു നമ്മുടെ കൈകളിൽ എത്തിയിരിക്കുകയാണ്. ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഓരോ കുഞ്ഞിനേയും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർത്താൻ നമുക്കു കടമയുണ്ട്. മക്കൾ സന്തോഷചിത്തരും സമാധാന പ്രിയരുമായിത്തീരണമെങ്കിൽ വിശ്വാസമുള്ളവരായിരിക്കണം. അതിന് അവർക്ക് വിശ്വാസ പരിശീലനം നൽകണം. “ഞാനിന്ന് കല്പിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിരിക്കണം. ജാഗരൂകതയോടെ അവ നിങ്ങളുടെ മക്കളെ പഠിപ്പിക്കണം; വീട്ടിലായിരിക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെപ്പറ്റി സംസാരിക്കണം” (നിയമ. 6: 6-8), ദൈവത്തിന്റെ ഈ ആഹ്വാനം മാതാപിതാക്കൾ ഏറ്റെടുക്കണം. ഇന്ന് മാതാപിതാക്കളുടെ ലക്ഷ്യം തങ്ങളുടെ മക്കൾ ഭൗതീകമേഖലകളിൽ വിജയിക്കണം എന്നതാണ്. അതിനുള്ള മാർഗങ്ങളും പരിപാടികളുമാണ് മാതാപിതാക്കളുടെ പെരുമാറ്റത്തിലും സംസാരത്തിലും പ്രവൃത്തിയിലും നിറഞ്ഞു നിൽക്കുന്നത്. ഭൗതിക മേഖലകളെ കീഴടക്കി മുന്നോട്ടു കുതിക്കുമ്പോൾ ആ മേഖലകളെയും അതിലേയ്ക്കുള്ള മാർഗ്ഗങ്ങളെയും വിശുദ്ധീകരിക്കുവാൻ വിശ്വാസപരിശീലനത്തിൽ നിന്നു ലഭിക്കുന്ന ആത്മീയശക്തി കുട്ടികൾക്ക് ആവശ്യമാണെന്ന് മാതാപിതാക്കൾ അറിയണം.

ലോകത്തിലെ ഏറ്റവും വലിയ അദ്ധ്യാപകൻ ഈശോയാണ്. ഒരു മതാദ്ധ്യാപകൻ എങ്ങനെ പഠിപ്പിക്കണം, എങ്ങനെ ജീവിക്കണം എന്നൊക്കെ തന്റെ ജീവിതത്തിലൂടെ ഈശോ കാണിച്ചു തന്നു. തങ്ങളുടെ മിഷൻ ഒരു ശുശ്രൂഷയായി ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ് മതാദ്ധ്യാപകരെന്നും, മതബോധനം ഒരു ജോലിയായി കാണാതെ പ്രവർത്തികളിലൂടെ സുവിശേഷം പ്രസംഗിക്കുവാൻ മതാ

ദ്ധ്യാപകർക്ക് സാധിക്കണമെന്നു ഫ്രാൻസീസ് മാർപാപ്പ അർജന്റീനയിൽ നടന്ന മതബോധകരുടെ കോൺഫ്രൻസിൽ നൽകിയ സന്ദേശത്തിൽ പറയുന്നു. സിലബസിൽ പറയുന്ന കാര്യങ്ങൾ മാത്രമല്ല സ്വഭാവരൂപീകരണത്തിനാവശ്യമായ കാര്യങ്ങളും കുട്ടികളെ പഠിപ്പിക്കേണ്ടത് മതാദ്ധ്യാപകരുടെ കടമയാണ്. ദൃഢമായ വിശ്വാസവും അറിവും, ഒപ്പം സമർപ്പണമനോഭാവവും ഉള്ളവരായിരിക്കണം മതാദ്ധ്യാപകർ. പ്രതിഫലമില്ലാതെ ജോലി ചെയ്യുന്ന നിങ്ങൾക്ക് സ്വർഗ്ഗത്തിൽ വലിയ പ്രതിഫലം ലഭിക്കും.

കുട്ടികളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും ഭൗതികമേഖലകളിൽ കുടുങ്ങി കിടക്കുകയാണ്. ഈ തലമുറയിലെ ഭൂരിപക്ഷം കുട്ടികളും സ്വർഗ്ഗത്തെക്കുറിച്ചോ, നിത്യജീവനെക്കുറിച്ചോ സ്വപ്നമോ പ്രത്യാശയോ ഇല്ലാത്തവരാണ്. വിശ്വാസപരിശീലനത്തിലൂടെ ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും ദൈവീകനന്മകളെ വിവേചിച്ചറിയുവാനും അതുവഴി ഈലോക ജീവിത പദ്ധതികൾ മനസ്സിലാക്കി പ്രവർത്തിച്ച് സ്വർഗ്ഗത്തിലെത്താൻ സാധിക്കുമെന്ന് കുട്ടികൾ മനസ്സിലാക്കണം. അന്ധകാരത്തെ നീക്കി പ്രകാശത്തെ സ്വീകരിക്കുന്നതിനു കുട്ടികളെ സഹായിക്കുന്നതു അദ്ധ്യാപകരാണ്, “അതിനാൽ ഞാൻ തരുന്ന കല്പനകൾ പാലിച്ചാൽ നീ അനുഗ്രഹീതനാകും അല്ലെങ്കിൽ നീ ശപിക്കപ്പെട്ടവനായിത്തീരും” (നിയമ. 26: 16-19); എന്ന കർത്താവിന്റെ വാക്കുകൾക്ക് ചെവികൊടുത്ത് ഗുരുക്കന്മാരെയും ഗുരുസ്ഥാനീകരെയും ബഹുമാനിക്കാനും അനുസരിക്കാനും കുട്ടികൾ തയ്യാറാകണം. “അപ്പോൾ നീ ബലമുള്ളവനേക്കാളും കരുത്തുള്ളവനാകും.” (സുഭാ. 24: 5-7 ).

നമ്മുടെ പിതാക്കന്മാർ വളർത്തിയെടുത്ത സമുദായ പാരമ്പര്യം എന്താണെന്ന് പഠിക്കാനും അത് ആചരിക്കാനും അതിന്റെ ചൈതന്യം നുകരാനും ലക്ഷ്യമിട്ടുകൊണ്ട് ഒന്നാം ക്ലാസ്സ് മുതൽ ഒൻപതാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ഈ വർഷംമുതൽ തയ്യാറാക്കിയിരിക്കുന്ന ക്നാനായ സമുദായ ചരിത്ര പഠന പുസ്തകം, ക്നാനായ സമുദായത്തെ സ്നേഹിക്കാൻ കുട്ടികളെ സഹായിക്കും. പത്താം ക്ലാസിലെ കുട്ടികൾക്കായി നടത്തിവരുന്ന ടീനേജ് എംപവർമെന്റ് പ്രോഗ്രാം, പതിനൊന്നാം ക്ലാസ്സിലെ കുട്ടികൾക്കായുള്ള

'എഫാത്ത' കോഴ്സ്, പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കായുള്ള 'സീലോഹേ' കോഴ്സ് എന്നിവ കുട്ടികളിൽ ആദ്ധ്യാത്മീകവും മാനസികവുമായ വളർച്ച കൈവരുത്തുന്നതിന് വിശ്വാസ പരിശീലനരംഗത്ത് ആവിഷ്ക്കരിച്ചിരിക്കുന്ന നൂതന കർമ്മപദ്ധതികളാണ്.

നമ്മുടെ അതിരൂപതയിൽ വിശ്വാസ പരിശീലനപ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകുന്ന വിശ്വാസപരിശീലന കമ്മീഷനേയും കമ്മീഷന്റെ നിർദ്ദേശങ്ങൾ സന്തോഷത്തോടെ സ്വാഗതം ചെയ്ത് ഇടവകയിലെ വിശ്വാസപരിശീലനം ഫലപ്രദമായി നിർവ്വഹിക്കുവാൻ നേതൃത്വം നൽകുന്ന ബഹു.വൈദീകരേയും, അവരോടൊത്ത് ആത്മാർത്ഥതയോടെ ഈ ദൗത്യ നിർവ്വഹണത്തിൽ പങ്കുചേരുന്ന സമർപ്പിതരേയും, അത്മായ സഹോദരങ്ങളേയും, ഈ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ സഹകരിക്കുന്ന മാതാപിതാക്കളേയും, ഇതിന്റെ നന്മകൾ സ്വീകരിച്ച് ഉറച്ച ക്രൈസ്തവ ബോധ്യത്തിൽ വളരുന്ന നമ്മുടെ എല്ലാ കുഞ്ഞുങ്ങളേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

NB: ഈ സർക്കുലർ 2017 ഡിസംബർ 10-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രകാഴ്ച അതിരൂപതാ കേന്ദ്രത്തിലേക്ക് വിശ്വാസപരിശീലന ഞായർ കളക്ഷനായുള്ള സൗത്ത് ഇന്ത്യൻ ബാങ്കിലെ A124A11CSC എന്ന Virtual അക്കൗണ്ട് നമ്പരിനോടുകൂടി അതാത് ഇടവകകൾക്കായി നൽകിയിരിക്കുന്ന കോഡ് നമ്പർകൂടി ചേർത്ത് കഴിവതും വേഗം അയച്ചു തരേണ്ടതാണ്.

Prot.No.1937/2017

## സീറോ മലബാർ മിഷൻ വാരാചരണം (2018 – ജനുവരി 6–12) സർക്കുലർ

## സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

ഈശോയുടെ ദനഹാ തിരുന്നാളായ ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ. "നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:15) എന്ന ഈശോയുടെ വചസുകൾ ശിരസ്സാവഹിച്ചുകൊണ്ട് കർത്താവിന്റെ മുന്തിരിത്തോപ്പിൽ വേലചെയ്യാനായി ഇറങ്ങിത്തിരിച്ചിരിക്കുന്ന നമ്മുടെ സഹോദരങ്ങളെ ഓർക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള ഒരവസരമായിട്ടാണ് പ്രേഷിതവാരത്തെ സഭ വീക്ഷിക്കുന്നത്.

"സഭ സ്വഭാവത്താലെ പ്രേഷിതയാണ്" (AG 2) എന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പഠനത്തോട് ചേർന്നുപോകുന്ന രീതിയിൽ സീറോ മലബാർ സഭ ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിശിഷ്യ, ഭാരതത്തിന്റെ വിവിധ കോണുകളിൽ സുവിശേഷചൈതന്യം നിറയ്ക്കുവാനായി ബദ്ധശ്രദ്ധയാണ്. എന്തെന്നാൽ നമ്മുടെ സഭയുടെ പ്രധാന ദൈവവിളിതന്നെ പ്രേഷിതപ്രവർത്തനമാണെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിഞ്ഞിരിക്കുന്നു. നമ്മിലുള്ള പ്രേഷിത

തീക്ഷ്ണതയുടെ കനലുകൾ ഇനിയും നമ്മൾ ഊതിക്കത്തിക്കേണ്ടിയിരിക്കുന്നു. അതിന് പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ നമ്മിലും സഭയിലും കൂടുതലായി വർഷിക്കപ്പെടുവാൻ തുടർന്നും പ്രാർത്ഥിക്കണം.

യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. അവരുടെ ഭാവനാശക്തിയും സർഗ്ഗാത്മകതയും പ്രേഷിത പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്തുവാൻ സഭ ആഗ്രഹിക്കുന്നു. യുവാവായ ഈശോ എന്ന വ്യക്തിയും അവിടുന്ന് പ്രഘോഷിച്ച സദ്വാർത്തയും അനേകം യുവജനങ്ങളെ ഇന്നും ആകർഷിച്ചുകൊണ്ടിരിക്കുന്നു. 2018 ൽ റോമിൽവച്ചു നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ ചർച്ചാവിഷയവും യുവജനങ്ങൾ തന്നെയാണ് എന്നത് യുവജനങ്ങളിൽ സഭ എത്രമാത്രം പ്രത്യാശയും പ്രതീക്ഷയും അർപ്പിക്കുന്നു എന്നതിനുള്ള തെളിവാണ്. "യുവജനം: വിശ്വാസവും വിളിയെക്കുറിച്ചുള്ള തിരിച്ചറിയലും" എന്ന പ്രമേയത്തെ ആധാരമാക്കിയുള്ള സിനഡിന്റെ വിജയത്തിനും ഫലദായകത്വത്തിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

എറണാകുളം അതിരൂപതയിൽ പുല്ലുവഴി എന്നഗ്രാമത്തിൽ ജനിച്ച സി. റാണിമരിയ പ്രേഷിത പ്രവർത്തനത്തിന്റെ ഉദാത്തമാതൃകയാണ്. 1992 ഫെബ്രുവരി 25 -ന് സാമന്തർ സിംഗ് എന്ന വാടകകൊലയാളിയാൽ ഇൻഡോറിലെ ഉദയനഗറിൽ രക്തസാക്ഷിത്വം വരിച്ച സിസ്റ്ററിന്റെ വീരോചിതമായ ഉപവിപ്രവർത്തനങ്ങൾ പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുവാനും അനേകരെ ക്രിസ്തുവിലേക്ക് ആനയിക്കുവാനും ഇടയാക്കി. ഈശോയോടുള്ള വ്യക്തിപരമായ സ്നേഹമായിരുന്നു അവളുടെ പ്രേഷിത പ്രവർത്തനങ്ങളുടെ അന്തസത്തയായി പ്രവർത്തിച്ചത്. സിസ്റ്ററിന്റെ പ്രേഷിത തീക്ഷ്ണതയും ആത്മത്യാഗവും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രേഷിതവേല ചെയ്യുന്ന സമർപ്പിതർക്ക് ശക്തിയും കരുത്തും പകരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി വർഷത്തിലാണല്ലോ നമ്മൾ. ഈ അവസരത്തിൽ നമ്മുടെ സഭയ്ക്ക് ഇന്ത്യ മുഴുവൻ അജപാലനവും സുവിശേഷപ്രഘോഷണവും നടത്തുവാനുള്ള അധികാരം പരിശുദ്ധ പിതാവ് നൽകിയിരിക്കുന്നുവെന്നത് ഇരട്ടി സന്തോ

ഷത്തിന് കാരണമാണ്. പുതിയതായി ലഭിച്ചിരിക്കുന്ന അജപാലന - സുവിശേഷ പ്രഘോഷണാധികാരം ഭാരതം മുഴുവനും സുവിശേഷംപ്രഘോഷിക്കുവാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെ കൂടുതൽ വർധിപ്പിച്ചിരിക്കുന്നു. ആയതിനാൽ സഭയുടെ വളർച്ചക്കും ഉന്നമനത്തിനും വേണ്ടി "ഒന്നായി മുന്നോട്ട്" നീങ്ങുവാൻ നാമെല്ലാവരും കടപ്പെട്ടിരിക്കുന്നു. സഭാമക്കൾ കൂടുതൽ പ്രേഷിതതീക്ഷ്ണതയോടെ പ്രവർത്തിക്കുവാനും കൂടുതൽ ദൈവവിളികൾ ഉണ്ടാകുവാനും മിഷൻചൈതന്യത്തിൽ ജീവിക്കുവാനും നമുക്ക് പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

മിശിഹായിൽ സ്നേഹപൂർവ്വം

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017-ാം ആണ്ട് നവംബർ മാസം 03-ാം തീയതി നല്കപ്പെട്ടത്.

---

NB: 1. 2017 ഡിസംബർ 31-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. ഓരോ ഇടവകയിലും, സ്ഥാപനങ്ങളിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

3. പ്രേഷിതവാരത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് വഴി നൽകുന്ന പ്രാർത്ഥനാകാർഡുകളിൽ നിന്നും ലഭിക്കുന്ന സംഭാവനകളും ഇതര മിഷൻ സംഭാവനകളും കാക്കനാട് മൗണ്ട് സെന്റ് തോമസ് മിഷൻ ഓഫീസിൽ എത്തിക്കുന്നതിനായി 2018 ഫെബ്രുവരി 10 ന് മുമ്പായി അതിരൂപത കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

**✠ മാർ മാത്യു മൂലക്കാട്ട്**

**കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത**

## അജപാലന കേന്ദ്ര പ്രോഗ്രാമുകൾ

# CHAITHANYA PROGRAMME
## January 2018

| Date | Programme |
|---|---|
| 1-3 | Pre-Marriage Course |
| 1-6 | KSSS Friends of Coconut Tree Training |
| 5 | KSSS Animators' Meeting |
| 10 | KSSS State Level Training-Deafblind Project |
| 13 | Batch Gathering for Fr. Jacob Mulloor |
| 13 | Catechism - HMs Meeting |
| 16 | KSSS Coordinators' Meeting |
| 16 | Meeting of Phd. Holders |
| 20 | KSSS CBR CRC |
| 22-27 | KSSS Tailoring Training |
| 20 | Thirubalasakhyam - Cultural program |
| 24 | KSSS State Level Training-Deafblind Project |

# അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്

## ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം | സ്ഥലം |
|---|---|---|
| **ജനുവരി** | | |
| ജനുവരി 1-3 | വിവാഹ ഒരുക്ക സെമിനാർ | ചൈതന്യ |
| ജനുവരി 2 | ലീജിയൺ ഓഫ് മേരി മീറ്റിംഗ് | ചൈതന്യ |
| ജനുവരി 13 | കാറ്റിക്കിസം: പ്രധാന അദ്ധ്യാപക സെമിനാർ | ചൈതന്യ |
| ജനുവരി 18-20 | വിവാഹ ഒരുക്ക സെമിനാർ | തൂവാനീസ |
| ജനുവരി 20 | തിരുബാല്യ സഖ്യം :<br>അതിരൂപതാ കലോത്സവം | ചൈതന്യ |
| **ഫെബ്രുവരി** | | |
| ഫെബ്രുവരി 13 | കെ.സി.സി. മീറ്റിംഗ് | ചൈതന്യ |

# വിശ്വാസ പരിശീലന കമ്മീഷൻ

## വാർഷിക പരീക്ഷ

2017-2018 അദ്ധ്യയനവർഷത്തിലെ X, XI, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷകൾ 2018 ജനുവരി 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നടത്തപ്പെടുന്നു. ചോദ്യപേപ്പറുകൾ ജനുവരി 21-ാം തീയതി മുതൽ അതത് ഫൊറോന സെന്ററുകളിൽ എത്തിക്കുന്നതാണ്. ഉത്തരകടലാസുകൾ തിരിച്ചെത്തിക്കുമ്പോൾ അതോടൊപ്പം Internal Assessment Mark, സർട്ടിഫിക്കറ്റ് ബുക്ക്, XII -ാം ക്ലാസ്സിലെ മികച്ച 3 പ്രബന്ധങ്ങൾ എന്നിവയും എത്തിക്കേണ്ടതാണ്. പ്രബന്ധത്തിൽ രജി. നമ്പർ ഇടുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. Internal Assessment Mark നൽകുമ്പോൾ രണ്ട് സെമസ്റ്ററിലെയും ശരാശരി കണ്ട് X -ാം ക്ലാസിൽ 20 ലും XII -ാം ക്ലാസ്സിൽ 10 ലും മാർക്കിട്ട് നൽകേണ്ടതാണ്. X, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷയ്ക്ക് മുഴുവൻ പാഠഭാഗത്തു നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. പരീക്ഷ ക്രമീകരണത്തിനുവേണ്ടി ഇവിടെ നിന്നും നിർദ്ദേശിക്കുന്ന ഇടവകയിലേക്ക് ഒരദ്ധ്യാപകനെ സ്ക്രൂട്ടണി ഓഫീസറായി അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്ക്രൂട്ടണി ഓഫീസർക്കുള്ള അപ്പോയിന്റ്മെന്റ് ഫോം ചോദ്യ പേപ്പറിനോടൊപ്പം കൊടുത്തു വിടുന്നതാണ്. ബഹു. വികാരി അച്ചന്റേയും പ്രധാന അധ്യാപകന്റേയും സ്ക്രൂട്ടണി ഓഫീസറിന്റെയും സാന്നിദ്ധ്യത്തിൽ മാത്രമെ ചോദ്യക്കടലാസിന്റെ കവർ പൊട്ടിക്കാവൂ. സ്ക്രൂട്ടണി ഓഫീസർക്കുള്ള യാത്രാ ചെലവ് അവർ എത്തുന്ന ഇടവകകളിൽ നിന്നും കൊടുക്കേണ്ടതും സ്ക്രൂട്ടണി ഓഫീസർ ഉത്തരകടലാസുകൾ അന്നു തന്നെ ഫൊറോനാകേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്. ഫൊറോന കേന്ദ്രത്തിൽ നിന്നും ഉത്തര കടലാസുകൾ വിശ്വാസപരിശീലന ഓഫീസിൽ എത്തിക്കേണ്ടതിനുള്ള ക്രമീകരണം ചെയ്യുന്നതാണ്. (ഇടയ്ക്കാട്ട് ഫൊറോനായിലേത് ചൈതന്യ ഓഫീസിൽ നേരിട്ട് എത്തിക്കേണ്ടതാണ്.) ഇവിടെ നിന്നും കൊടുത്തുവിടുന്ന Verification Sheet അതാതു ഇടവകകളിലേക്ക് ഉള്ളതാണ്. സ്ക്രൂട്ടണി ഓഫീസർ പോകുന്ന ഇടവകയിലേക്ക് ഉള്ളതല്ല.

## സെക്രട്ടറിമാരുടെയും പ്രധാന അദ്ധ്യാപകരുടെയും സംയുക്ത മീറ്റിംഗ്

2018 ജനുവരി 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് സൺഡേ

സ്കൂൾ പ്രധാന അദ്ധ്യാപകരുടെയും ഓഫീസ് സെക്രട്ടറിമാരുടെയും സംയുക്ത മീറ്റിംഗ് നടത്തപ്പെടുന്നതാണ്. എല്ലാ പ്രധാന അദ്ധ്യാപകനും സെക്രട്ടറിമാരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

## IV, VII ക്ലാസ്സുകളിലെ മത്സരപരീക്ഷ

മാർച്ച് 4-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ ഫൊറോനാ സെന്ററുകളിൽ വച്ച് 4, 7 ക്ലാസ്സുകളിലെ മത്സരപരീക്ഷ നടത്തപ്പെടുന്നതാണ്. ഒരു ക്ലാസ്സിൽ നിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികൾ മാത്രമേ പങ്കെടുക്കാവൂ (ഒന്നാം സ്ഥാനത്തോ, രണ്ടാം സ്ഥാനത്തോ ഒന്നിൽ കൂടുതൽ കുട്ടികൾ പങ്കെടുക്കാൻ പാടില്ല. പങ്കെടുക്കുന്ന കുട്ടികൾക്ക് 75% കൂടുതൽ മാർക്ക് ഉണ്ടായിരിക്കണം). മത്സരപരീക്ഷയ്ക്ക് പങ്കെടുക്കുവാനുള്ള കുട്ടികളുടെ അർഹത നിശ്ചയിക്കുന്നത് ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ശരാശരി മാർക്കും ഇന്റേണൽ അസസ്സ്മെന്റ് മാർക്കും കണക്കാക്കിയായിരിക്കണം. മുഴുവൻ പാഠഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. മത്സര പരീക്ഷയ്ക്കുള്ള കുട്ടികളുടെ പേര് ഫെബ്രുവരി 12 നു മുമ്പായി ഇവിടെ അറിയിക്കണം. അതിരൂപത ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ മത്സരപരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. പരീക്ഷയുടെ മാർക്ക് വിഭജനം: പാഠപുസ്തകം 70%, ബൈബിൾ 10% സഭ 10% സമുദായം 10%.

## പേപ്പർ വാല്യൂവേഷൻ

X, XII ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകരും 2018 ഫെബ്രുവരി 17, 18, 24, 25 തീയതികളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ ചൈതന്യയിൽ വച്ച് നടക്കുന്ന പേപ്പർ വാല്യൂവേഷൻ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

## പ്രതിഭാസംഗമം സംഘടിപ്പിച്ചു

കോട്ടയം അതിരൂപതാംഗങ്ങളായ പ്ലസ് ടു വിദ്യാർത്ഥികൾക്കായി അതിരൂപത വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് പ്രതിഭാ സംഗമം സംഘടിപ്പിച്ചു. സംഗമത്തിന്റെ ഉദ്ഘാടനം കോട്ടയം അതിരൂപത വികാരി ജനറാൾ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു. പ്രതിഭാ സംഗമത്തിൽ അതിരൂപതയിലെ മികച്ച പ്രതിഭകളായി ഉഴവൂർ ഇടവകാംഗമായ സീയോൺ ജോർജ്ജ് മുടക്കോടിൽ, കരിങ്കുന്നം ഇടവകാംഗമായ ജെഫിൻ ജെറി

തട്ടാമറ്റത്തിൽ, മാറിക ഇടവകാംഗമായ അനു മാത്യു കുന്നുംപുറത്ത്, മാറിക ഇടവകാംഗമായ അനില കുര്യൻ പുത്തൻപറമ്പിൽ എന്നിവർ യഥാക്രമം തെരഞ്ഞെടുക്കപ്പെട്ടു. വിശ്വാസപരിശീലന കമ്മീഷൻ ചെയർമാൻ ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ, സി. ഇസബെല്ല എസ്. ജെ.സി, തോമസ് മാത്യു കോയിത്തറ, സി.അലക്സി എസ്.വി.എം, സ്റ്റെഫി ഫെലിക്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നായി 45 കുട്ടികൾ സംഗമത്തിൽ പങ്കെടുത്തു.

**റവ. ഡോ. ജിജോ നെല്ലിക്കാകണ്ടത്തിൽ**
ചെയർമാൻ

# ഫാമിലി കമ്മീഷൻ

## ഗോൾഡൻ മെഡലുമായി മനം കവർന്ന ദമ്പതീസംഗമം കടുത്തുരുത്തിയിൽ

കടുത്തുരുത്തി: കോട്ടയം അതിരൂപതയിലെ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളുടെ കടുത്തുരുത്തി ഫൊറോനതല സംഗമം സംഘടിപ്പിച്ചു. 1967 ൽ വിവാഹിതരായി ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ഉൾപ്പെടുത്തി ചരിത്രപ്രസിദ്ധമായ കടുത്തുരുത്തി വലിയപള്ളിയിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം ഫൊറോന വികാരി റവ. ഡോ. മാത്യു മണക്കാട്ട് നിർവ്വഹിച്ചു. കോട്ടയം അതിരൂപത ഫാമിലി കമ്മീഷൻ ചെയർമാൻ റവ. ഡോ. ബ്രസൻ ഒഴുങ്ങാലിൽ അദ്ധ്യക്ഷതവഹിച്ചു. അതിരൂപതാ ലീജിയൻ ഓഫ് മേരി ചാപ്ലയിൻ ഫാ. ജോസ് കുറുപ്പന്തറയിൽ, ഹെഡ്മാസ്റ്റർ സജി കളത്തിൽകോട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് കൃതജ്ഞതാ ബലിയും മാതൃകാ ദമ്പതികളെ ആദരിക്കലും ഏറ്റവും കൂടുതൽ മക്കളുള്ള ദമ്പതികളെ ആദരിക്കലും വിവിധ മത്സരങ്ങൾ നടത്തപ്പെടുകയും സമ്മാനദാനവും നടത്തി. ഇരവിമംഗലം ചാറവേലിൽ ഉതുപ്പാൻ കുരുവിള -അച്ചുക്കുട്ടി ദമ്പതികളെ ഭാഗ്യദമ്പതികളായി സംഗമത്തിൽ തിരഞ്ഞെടുത്തു. കടുത്തുരുത്തി വലിയപള്ളി കെ.സി.ഡബ്ല്യു.എ. ഭാരവാഹികളായ ത്രേസ്യാമ്മ സിറിയക് കീഴങ്ങാട്ട്, കുഞ്ഞുമോൾ ജോമോൻ കീനാൻപറമ്പിൽ, സുജ ബിജു പടപുരയ്ക്കൽ, ആഷാ ജോമോൻ

പടിഞ്ഞാറെഇടയത്തുമാലിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**
ചെയർമാൻ

# പയസ് അസോസിയേഷൻസ്

## കെ. സി. വൈ.എൽ.

### അതിരൂപതാ സമിതിക്ക് പുതിയ നേതൃത്വം

കോട്ടയം: കെ.സി.വൈ.എല്ലിന്റെ പുതിയ അതിരൂപതാ പ്രസിഡന്റായി നിലവിലെ സെക്രട്ടറി പുന്നത്തുറ ഇടവകയിലെ ബിബീഷ് ജോസ് ഓലിക്കാമുറിയിലും ജനറൽ സെക്രട്ടറിയായി കുമരകത്തുനിന്നുള്ള ടിജിൻ ചേന്നാത്തും തെരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡന്റുമാരായി പടമുഖത്തുനിന്നുള്ള സ്റ്റെഫി കെ. റെജി കപ്പളങ്ങാട്ടും മലബാർ റീജിയൻ പ്രസിഡന്റ് പെരിക്കല്ലൂർ ക്രൈസ്റ്റ് നഗർ ഇടവകയിലെ ജോബിഷ് ജോസ് ഇരിക്കാലിക്കലും ജോയിന്റ് സെക്രട്ടറിമാരായി പിറവത്തുനിന്നുള്ള ജിസ്മി ഷാജു മണക്കാട്ടും മലബാർ റീജിയൻ സെക്രട്ടറി തിരൂർ ഇടവകയിലെ ആൽബർട്ട് തോമസ് കൊച്ചുപറമ്പിലും ട്രഷററായി അരീക്കര ഇടവക പാണ്ടിയാംകുന്നേൽ ജോണി പി. സ്റ്റീഫനും തെരഞ്ഞെടുക്കപ്പെട്ടു.

**ബിബീഷ് ഓലിക്കാമുറിയിൽ**
സെക്രട്ടറി

# സോഷ്യൽ ആക്ഷൻ കമ്മീഷൻ

## കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (KSSS)

## വികസന പാതയിൽ വരുംദിനങ്ങളിൽ

### തെങ്ങിന്റെ ചങ്ങാതിക്കൂട്ടം 37, 38 ബാച്ചുകളുടെ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നാളികേര വികസന ബോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂ

ട്ടം പദ്ധതിയുടെ 37, 38 ബാച്ചുകളുടെ പരിശീലനം ജനുവരി 1 മുതൽ 6 വരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. പരിശീലന ത്തോടനുബന്ധിച്ച് തെങ്ങുകയറ്റ യന്ത്ര പരിചയം, ജൈവകൃഷി രീതി, വിത്ത് തേങ്ങ സംഭരണം, പരിസ്ഥിതി സൗഹാർദ്ദ ജീവിതശൈലി, പ്രാ ഥമിക ശുശ്രൂഷ, ആശയവിനിമയം, സമ്പാദ്യശീലം തുടങ്ങിയ വിഷയ ങ്ങളിൽ വിദഗ്ദ്ധർ പരിശീലനം നൽകുന്നതാണ്. കൂടാതെ ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും തെങ്ങുകയറ്റ യന്ത്രവും സൗജ ന്യമായി ലഭിക്കുന്നതാണ്.

## മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി കിടങ്ങൂർ ലിറ്റിൽ ലൂർദ് ഹോസ്പിറ്റലുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. കിടങ്ങൂർ മേഖലയുടെ നേതൃത്വത്തിൽ കട്ടച്ചിറ സെന്റ് മേരീസ് ചർച്ച് ഹാളിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ഗൈനക്കോളജി വിഭാഗത്തിൽ നടത്തപ്പെടുന്ന ക്യാമ്പിന് വിദഗ്ദ്ധർ നേതൃത്വം നൽകും. ക്യാമ്പിനോട നുബന്ധിച്ച് വൈദ്യപരിശോധനയും ബോധവൽക്കരണ ക്ലാസ്സും ക്രമീകരിച്ചിട്ടുണ്ട്.

## കാൻസർ ദിനാചരണം ഫെബ്രുവരി 4 ന്

ഫെബ്രുവരി 4 ലോക കാൻസർ ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി വിപുലമായ പരിപാടികളോടെ ക്യാൻസർ ദിനാചരണം സംഘടിപ്പിക്കുന്നു. കെ.എസ്.എസ്.എസ് കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച് നടപ്പാക്കുന്ന ആശാകിരണം കാൻസർ സുരക്ഷ പദ്ധതിയുടെ ഭാഗമായി കാൻസർ സുരക്ഷ ബോധവത്ക്കരണം പൊതുസമൂഹത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ഫെബ്രുവരി 4-ാം തീയതി ഞായറാഴ്ച 11 മണിക്ക് കുറുപ്പന്തറ സെന്റ് തോമസ് ചർച്ച് ഹാളിൽ സംഘടിപ്പിക്കുന്ന ദിനാചരണത്തോടനുബന്ധിച്ച് സ്മാർട്ട് ഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ ബോധവത്ക്കരണ ഫ്ളാഷ്മോബും പൊതുസമ്മേളനവും കാൻസർ ബോധവത്ക്കരണ ലീഫ ലെറ്റുകളുടെ വിതരണവും നടത്തപ്പെടും.

## വായനാദിനാചരണം സംഘടിപ്പിക്കുന്നു

ജനുവരി 23 ദേശീയ വായനാദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി വിപുലമായ പരിപാടികളോടെ

വായനാദിനാചരണം സംഘടിപ്പിക്കുന്നു. ജനുവരി 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 ന് കുമരകം നെപുംസ്യാനോസ് ചർച്ച് ഹാളിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. വായനാ ശീലത്തിന്റെ പ്രാധാന്യം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പൊതുസമൂഹത്തിൽ വായനാശീലം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ദിനാചരണത്തോടനുബന്ധിച്ച് 'വായനാശീലം വ്യക്തി ജീവിതത്തിൽ' എന്ന വിഷയത്തിൽ സെമിനാറും, പൊതുസമ്മേളനവും, വായനാ മത്സരവും നടത്തപ്പെടും.

## ഗ്രാമീണ തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഫെഡറൽ ബാങ്കുമായി സഹകരിച്ച് തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതിയ്ക്ക് തുടക്കം കുറിക്കുന്നു. 2 ബാച്ചുകളായി സംഘടിപ്പിക്കുന്ന പദ്ധതിയിൽ 30 സ്വാശ്രയസംഘാംഗങ്ങൾക്കാണ് അവസരം ഒരുക്കുക. ജനുവരി 22 മുതൽ 27 വരെ തീയതികളിൽ ചൈതന്യയിൽ ആദ്യ ബാച്ചിന്റെ പരിശീലനം നടത്തപ്പെടും. കെ.എസ്.എസ്.എസിന്റെ വിവിധ മേഖലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 15 പേർക്കാണ് ആദ്യ ബാച്ചിൽ അവസരം ഒരുക്കുക. ആറ് ദിവസത്തെ പരിശീലനം വിജയകര മായി പൂർത്തിയാക്കുന്നവർക്ക് സബ്സിഡിയോടുകൂടി തയ്യൽ മെഷീനും ലഭ്യമാക്കും.

## അന്ധബധിര പുനരധിവാസ പദ്ധതി സംസ്ഥാനതല ശിൽപശാല

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെൻസ് ഇന്റർനാഷണൽ ഇൻഡ്യയുടെയും അസിം പ്രേംജി ഫിലാൻന്ത്രോപിക് ഇനിഷിയേറ്റീവ്സിന്റെയും സഹകരണത്തോടെ നടപ്പിലാക്കിവരുന്ന അന്ധബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി സർവ്വശിക്ഷ അഭിയാൻ അദ്ധ്യാപകർക്കായി ജനുവരി 10-ാം തീയതി ബുധനാഴ്ചയും ആശാവർക്കേഴ്സിനും അംഗൻവാടി ടീച്ചേഴ്സിനുമായി ജനുവരി 24-ാം തീയതി ബുധനാഴ്ചയും ഏകദിന സംസ്ഥാനതല ശിൽപ്പശാല സംഘടിപ്പിക്കുന്നു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ രാവിലെ 10 മണി മുതൽ ആരംഭിക്കുന്ന ശില്പശാലയോടനുബന്ധിച്ച് സെമിനാറും പൊതുസമ്മേളനവും നടത്തപ്പെടും.

## കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങളാകാൻ അവസരം

20-ാമത് ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയ സംഘ മഹോത്സവത്തിന്റെയും വിജയകരമായ പരിസമാപ്തിയെ തുടർന്ന്

പൊതുസമൂഹത്തിൽ നിന്നും ഉയർന്നു വന്ന വർദ്ധിച്ച ആവശ്യം പരിഗണിച്ച് കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങളാകുവാൻ പൊതുസമൂഹത്തിന് അവസരം ഒരുക്കുന്നു. സ്വാശ്രയസംഘ പ്രവർത്തനങ്ങളിലൂടെ സ്വയംപര്യാപ്തതയിലേക്കും സമൂഹത്തിന്റെ മുഖ്യധാരയിലേക്കും കടന്നുവരാനും ഉപവരുമാന മാർഗ്ഗങ്ങളിലൂടെ സ്വയംപര്യാപ്തതയിൽ എത്തിച്ചേരുവാനും സാധാരണക്കാരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.എസ്.എസ് ഈ സുവർണ്ണാവസരം ഒരുക്കിയിരിക്കുന്നത്.

# കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## ചൈതന്യ കാർഷികമേള വിളംബര സന്ദേശ യാത്രയ്ക്ക് മേഖലകളിൽ സ്വീകരണം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 20-ാമത് ചൈതന്യ കാർഷികമേളയ്ക്ക് മുന്നോടിയായി നടത്തപ്പെട്ട ഭക്ഷ്യസുരക്ഷ വിളമ്പര സന്ദേശ യാത്രയ്ക്ക് കെ.എസ്.എസ്.എസിന്റെ വിവിധ മേഖലകളിൽ സ്വീകരണം സംഘടിപ്പിച്ചു. കടുത്തുരുത്തി മേഖലയുടെ നേതൃത്വത്തിൽ കടുത്തുരുത്തിയിൽ സംഘടിപ്പിച്ച സ്വീകരണ സമ്മേളനം കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വി സുനിൽ ഉദ്ഘാടനം ചെയ്തു. കടുത്തുരുത്തി മേഖല ഡയറക്ടർ ഫാ. മാത്യു മണക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലി മുഖ്യപ്രഭാ ഷണം നടത്തി. പൂഴിക്കോൽ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോസ് തറപ്പുതൊട്ടിയിൽ, ഞീഴൂർ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോസ് കുറുപ്പന്തറ, പിറവം അസി. വികാരി ദിപു ഇറപുറത്ത് കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, സിറിയക് ജോസഫ്, എൽസമ്മ ബേബി എന്നിവർ പ്രസംഗിച്ചു. കൈപ്പുഴ മേഖലയുടെ നേതൃത്വത്തിൽ നീണ്ടൂരിൽ സംഘടിപ്പിച്ച സ്വീകരണസമ്മേളനം ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാൻ ജെയിംസ് തോമസ് പ്ലാക്കിത്തൊട്ടിയിൽ ഉദ്ഘാടനം ചെയ്തു. നീണ്ടൂർ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. സിറിയക് മറ്റത്തിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, കൈപ്പുഴ മേഖല ഡയറക്ടർ ഫാ. മാത്യു കുഴിപ്പള്ളിൽ,

കൈപ്പുഴ അസി. വികാരി ഫാ. റോയി കാഞ്ഞിരത്തിങ്കൽ, നീണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി കുഞ്ഞുമോൻ, വി.കെ കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു. ഉഴവൂർ മേഖലയുടെ നേതൃത്വത്തിൽ ഉഴവൂരിൽ സംഘടിപ്പിച്ച സ്വീകരണ സമ്മേളനം മോൻസ് ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഉഴവൂർ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. തോമസ് പ്രാലേൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്ര സിഡന്റ് മോളി ലൂക്ക, ഉഴവൂർ ഗ്രാമപഞ്ചാ യത്ത് പ്രസിഡന്റ് എം. റ്റി മേരി, വൈസ് പ്രസിഡന്റ് പി.എൽ അബ്രഹാം, വാർഡ് മെമ്പർ ഷേർളി രാജു, രാജു കെ. എന്നിവർപ്രസംഗിച്ചു. കിടങ്ങൂർ മേഖലയുടെ നേതൃത്വ ത്തിൽ കിടങ്ങൂരിൽ സംഘടിപ്പിച്ച സ്വീകരണ പരിപാടി കിടങ്ങൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസി ഡന്റ് സെബാസ്റ്റ്യൻ കോയിക്കൽ ഉദ്ഘാടനം ചെയ്തു. ഏറ്റുമാനൂർ ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ലൂക്ക് പൂതൃക്കയിൽ അദ്ധ്യ ക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, വാർഡ് മെമ്പർ അഖിൽ രാധാകൃഷ്ണൻ, മേരി പുന്നൂസ് എന്നിവർ പ്രസംഗിച്ചു. മലങ്കര മേഖലയുടെ നേതൃത്വത്തിൽ ഞാലിയാകുഴി സ്റ്റാൻഡിൽ സംഘടിപ്പിച്ച സ്വീകരണ സമ്മേളനത്തിന്റെ ഉദ്ഘാടനം വാകത്താനം ഗ്രാമവികസന സ മിതി പ്രസിഡന്റ് ഫാ. മാത്യു കൊച്ചാദംപ്പള്ളി നിർവ്വഹിച്ചു. വാകത്താനം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് റോസമ്മ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കോട്ടയം ഡിസിസി പ്രസിഡന്റ് ജോഷി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. ചുങ്കം മേഖലയുടെ നേതൃത്വ ത്തിൽ തൊടുപുഴ പ്രൈവറ്റ് ബസ് സ്റ്റാന്റിൽ സംഘടിപ്പിച്ച സ്വീകരണ സമ്മേളന ത്തിന്റെ ഉദ്ഘാടനം മുനിസിപ്പൽ കൗൺസിലർ ആർ. ഹരി നിർവ്വഹിച്ചു. ചുങ്കം ഗ്രാമവികസന സമിതി പ്രസിഡന്റ് ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് മുഖ്യപ്രഭാഷണം നടത്തി. സ്വീകരണ പരിപാടികളോടനുബന്ധിച്ച് വിവിധ മത്സരങ്ങളും വർണ്ണശബളമായ റാലിയും ക്രമീകരിച്ചിരുന്നു.

## തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിയുമായി കെ. എസ്. എസ്. എസ്

നാളികേര സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊ

സൈറ്റി നാളികേര വികസന ബോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതിക്ക് തുടക്കം കുറിക്കുന്നു. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 20-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് പദ്ധതിയുടെ ഉദ്ഘാടന കർമ്മം നടത്തപ്പെട്ടു. ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസ് സീറോ മലബാർ സഭ കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിന് ലോഗോ കൈമാറിക്കൊണ്ടാണ് പദ്ധതിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. ജോസ് കെ മാണി എം.പി, പി.സി ജോർജ്ജ് എം.എൽ.എ, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലിൽ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് പബ്ലിസിറ്റി ഓഫീസർ മിനി മാത്യു, ലാസിം സംഘടനാ പ്രതിനിധി കാൾട്ടൻ ഫെർണാണ്ടസ്, ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജെയിംസ് വടക്കേകണ്ടംകരിയിൽ, കെ.എസ്.എസ്.എസ് സമരിറ്റൻ റിസോഴ്സ് സെന്റർ ജോയിന്റ് ഡയറക്ടർ ഫാ. സുജിത്ത് കാഞ്ഞിരത്തുമ്മൂട്ടിൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഏഴാം ക്ലാസ്സു വരെ പഠനം പൂർത്തിയാക്കിയ 18 നും 45 നും ഇടയിൽ പ്രായമുള്ള പുരുഷൻമാർക്കും സ്ത്രീകൾക്കും പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സൗജന്യമായി തെങ്ങ് കയറ്റ മെഷീനും കൂടാതെ ഒരുലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കും.

## തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു

സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ ആളുകളെ സ്വയംപര്യാപ്തയിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന തയ്യൽ തൊഴിൽ പ്രോത്സാഹന പദ്ധതിക്ക് തുടക്കമായി. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 20-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് പദ്ധതിയുടെ ഉദ്ഘാടന കർമ്മം നടത്തപ്പെട്ടു. ബഹു. രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി.ജെ കുര്യൻ കോട്ടയം അതിരൂപത മെത്രാപ്പോലിത്ത മാർ മാത്യു മൂലക്കാട്ട് പിതാവിന് ലോഗോ കൈമാറിക്കൊണ്ടാണ് പദ്ധതിയുടെ ഉദ്ഘാടന കർമ്മ നിർവ്വഹിച്ചത്. സുരേഷ് കുറുപ്പ് എം.എൽ.എ, കെ.എസ്.എസ്.എസ് സെക്രട്ടറി

ഫാ. സുനിൽ പെരുമാനൂർ, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സക്കറിയാസ് കുതിരവേലിൽ, ഫെഡറൽ ബാങ്ക് സോണൽ ഹെഡ് അനിൽകുമാർ വി.വി, ചൈതന്യ പാസ്റ്ററൽ സെന്റർ അസി. ഡയറക്ടർ ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ, സെന്റ് ജോസഫ് കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറൽ സിസ്റ്റർ സൗമി എസ്.ജെ.സി, കോട്ടയം പ്രസ് ക്ലബ്ബ് പ്രസിഡന്റ് സാനു ജോർജ്ജ് തോമസ്, തോമസ് കൊറ്റോടം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. തയ്യൽ തൊഴിൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ച് സ്വയം പര്യാപ്തത കൈവരിക്കുവാൻ ആഗ്രഹിക്കുന്ന കെ. എസ്.എസ്.എസ് പ്രവർത്തന ഗ്രാമങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട വനിതകൾക്ക് ശാസ്ത്രീയ തയ്യൽ പരിശിലനത്തോടൊപ്പം ഇതര അനുബന്ധ ക്രമീകരണങ്ങളും പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കും.

## കെ. എസ്. എസ്. എസ് ചൈതന്യ ജീവകാരുണ്യ ആംബുലൻസ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കമായി

നിർദ്ധന രോഗികൾക്കും കുടുംബങ്ങൾക്കും അവശ്യഘട്ടങ്ങളിൽ സഹായ ഹസ്തമായി മാറുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ചൈതന്യ ജീവകാരുണ്യ ആംബുലൻസ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കമായി. ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് നടത്തപ്പെട്ട പൊതുസമ്മേളനത്തിൽ സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി എം.എം,മണി പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വനം വകുപ്പ് മന്ത്രി കെ. രാജു, തുറമുഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, ചങ്ങാനശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. മിവാ ഏജൻസിയുടെ സഹകരണത്തോടെയാണ് ജീവകാരുണ്യ ആംബുലൻസ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് കെ.എസ്.എസ്.എസ് തുടക്കം കുറിച്ചിരിക്കുന്നത്. കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം ജില്ലകളിലായുള്ള കെ. എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങൾക്കും ഇതര പൊതുസമൂഹത്തിനും ഒപ്പം സാമ്പത്തികമായി തീർത്തും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും മിതമായ നിരക്കിൽ ആംബുലൻസ് സേവനം ലഭ്യമാകത്തക്ക വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങളിലും രോഗാവസ്ഥയിലും മരണ സാഹചര്യങ്ങളിലും സാമ്പത്തിക പരാ

ധീനതയുള്ള ആളുകൾക്ക് അടിയന്തിര കൈതാങ്ങായി മാറുക എന്ന ലക്ഷ്യത്തോടെയാണ് ആംബുലൻസ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് കെ.എസ്.എസ്.എസ് തുടക്കം കുറിച്ചിരിക്കുന്നത്.

## ജൈവ കർഷക വിപണിയുമായി കെ.എസ്.എസ്.എസ്

ഭക്ഷ്യ സമൃദ്ധിയ്ക്കും ജൈവ ഭക്ഷ്യസംസ്ക്കാരത്തിനും പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ജൈവ കർഷക വിപണി ആരംഭിക്കുന്നു. കോട്ടയം ജില്ലാ പഞ്ചയത്തുമായി സഹകരിച്ച് കെ.എസ്.എസ്.എസ് ആസ്ഥാനമായ ചൈതന്യയിലാണ് ജൈവ കർഷക വിപണി ആരംഭിക്കുന്നത്. ജൈവകൃഷി പ്രോത്സാഹനത്തോടൊപ്പം ജൈവ ഉത്പ്പന്നങ്ങളുടെ വ്യാപനത്തിനും അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് കർഷക വിപണിക്ക് കെ.എസ്.എസ്.എസ് തുടക്കം കുറിക്കുന്നത്. ജൈവ കൃഷി രീതി അവലംബിക്കുന്ന കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുവാനും വിപണിയിലൂടെ കെ.എസ്.എസ്.എസ് ലക്ഷ്യമിടുന്നു. ജൈവ കർഷക വിപണിയുടെ ഉദ്ഘാടനം കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 20-ാമത് ചൈതന്യ കാർഷിക മേളയോടനുബന്ധിച്ച് നടത്തപ്പെട്ടു. റവന്യു വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരനാണ് പദ്ധതിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്. പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് അദ്ധ്യക്ഷത വഹിച്ചു. റോഷി അഗസ്റ്റിൻ എം.എൽ.എ, കോട്ടയം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് മേരി സെബാസ്റ്റ്യൻ, കേരളാ സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കോട്ടയം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ ജയലളിത എസ്, സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്പ്മെന്റ് സ്റ്റേറ്റ് പ്രോഗ്രാം ഡയറക്ടർ ഡോ. സാബു റ്റി, കെ.എസ്.എസ്.എസ് പുരുഷ സ്വാശ്രയസംഘ ഫെഡറേഷൻ പ്രസിഡന്റ് ജോൺ മാവേലിൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## അന്ധബധിര പുനരധിവാസ പദ്ധതി സംസ്ഥാനതല ശിൽപശാല സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെൻസ് ഇന്റർനാഷണൽ ഇൻഡ്യയുടെയും അസിം പ്രേംജി ഫിലാൻന്ത്രോപിക്

ഇനിഷിയേറ്റീവ്സിന്റെയും സഹകരണത്തോടെ നടപ്പിലാക്കിവരുന്ന അന്ധബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി മെഡിക്കൽ, പാരാമെഡിക്കൽ ഉദ്യോഗസ്ഥർക്കായി ഏകദിന ശിലശാല സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ശില്പശാലയുടെ ഉദ്ഘാടനം കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മേരി സെബാസ്റ്റ്യൻ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, സെൻസ് ഇന്റർനാഷണൽ ഇൻഡ്യ സീനിയർ ട്രെയിനർ പി. ശ്രീനിവാസൻ, കെ.എസ്.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ ഷൈല തോമസ്, സ്പെഷ്യൽ എജ്യൂക്കേറ്റർ ജെസ്സി ജോസഫ്, ഫിസിയോതെറാപ്പിസ്റ്റ് ഷാന്റി കെ.എസ് എന്നിവർ പ്രസംഗിച്ചു. അന്ധ ബധിര പുനരധിവാസ പദ്ധതി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സായ സിസ്റ്റർ സിമി ഡി.സി.പി.ബി, സിസ്റ്റർ നിഖില എസ്.ജെ.സി എന്നിവർ ക്ലാസ് നയിച്ചു. നാൽപ്പതോളം പേർ പങ്കെടുത്തു.

## തെങ്ങിന്റെ ചങ്ങാതിമാർക്ക് ആവേശം പകർന്ന് കോക്കനട്ട് ഒളിമ്പിക്സ് മത്സരം

നാളികേര സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം നാളികേര കർഷകരുടെ കൂട്ടായ്മയ്ക്ക് അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നാളികേര വികസന ബോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയോടനുബന്ധിച്ച് സംഘടിപ്പിച്ച കോക്കനട്ട് ഒളിമ്പിക്സ് മത്സരം ഏറെ ആവേശമായി. ആറ് ദിവസത്തെ ശാസ്ത്രീയ തെങ്ങുകയറ്റ പരിശീലനം പൂർത്തിയാക്കിയ പരിശീലനാർത്ഥികൾക്കായാണ് കോട്ടയം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ കോക്കനട്ട് ഒളിമ്പിക്സ് മത്സരം സംഘടിപ്പിച്ചത്. പരിശീലന പരിപാടിയോടനുബന്ധിച്ച് യന്ത്രം ഉപയോഗിച്ചുള്ള തെങ്ങുകയറ്റ പരിശീലനം, നാളികേര സംരക്ഷണവും അനുബന്ധപ്രവർത്തനങ്ങളും, നാളികേര മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സാധ്യതകൾ, സ്വയം തൊഴിൽ സംരംഭക സാധ്യതകൾ, സമ്പാദ്യശീലം, നേതൃത്വപാടവം, വിത്ത് തേങ്ങാ ശേഖരണം തുടങ്ങിയ വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സുകൾ നയിച്ചു. ഏറെ ആവേശകരമായി നടത്തപ്പെട്ട കോക്കനട്ട് ഒളിമ്പിക്സ് മത്സരത്തിൽ ആലപ്പുഴ ജില്ലയിലെ ചേന്നങ്കരി സ്വദേശി രാജേഷ് ജി, കോട്ടയം ജില്ല യിലെ വയലാ സ്വദേശി

ബാബു ജി, കുമരകം സ്വദേശി അജിൻ അബ്രാഹം എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. പരിശീലന പരിപാടിയ്ക്ക് കെ.എസ്.എസ്.എസ്. സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, എം.എം ജേക്കബ്, അജീഷ ഷിബു എന്നിവർ നേതൃത്വം നൽകി. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നാളികേര വികസന ബോർഡുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയുടെ ഭാഗമായി ഇതിനോടകം തന്നെ 800 ലധികം പേർ ശാസ്ത്രീയ തെങ്ങ് കയറ്റ പരിശീലനം പൂർത്തിയാക്കി. പദ്ധതിയുടെ ഭാഗമായി സൗജന്യമായി തെങ്ങ് കയറ്റ മിഷ്യനും ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കുന്നുണ്ട്. കൂടാതെ തെങ്ങുകയറ്റ തൊഴിലാളി ക്ഷാമത്തിന് പരിഹാരം കാണുന്നതിനായി തെങ്ങിന്റെ ചങ്ങാതിമാർ എന്ന പേരിൽ മൊബൈൽ കോക്കനട്ട് ക്ലിനിക്കും കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## ഫ്രണ്ട്സ് ടീം സംഗമം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഗ്രാമമേഖലാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അനിമേറ്റേഴ്സിന്റെയും കോർഡിനേറ്റേഴ്സിന്റെയും അവരുടെ ഭർത്താക്കന്മാരുടെയും കൂട്ടായ്മയായ ഫ്രണ്ട്സ് ടീമിന്റെ സംഗമവും ക്രിസ്തുമസ് ആഘോഷവും സംഘടിപ്പിച്ചു. ചൈതന്യയിൽ സംഘടിപ്പിച്ച സംഗമത്തോടനുബന്ധിച്ച് നടത്തപ്പെട്ട കൃതജ്ഞതാബലിക്ക് കെ.എസ്.എസ്.എസ് പ്രസിഡന്റും കോട്ടയം അതിരൂപതാ വികാരി ജനറാളുമായ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. സംഗമത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഇരുപതാമത് ചൈതന്യ കാർഷികമേളയുടെ വിലയിരുത്തലും പുതിയ ഫ്രണ്ട്സ് ടീം ഭാരവാഹികളുടെ തെരഞ്ഞെടുപ്പും വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, അസിസ്റ്റന്റ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## പകൽവീട് പദ്ധതി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കൊട്ടോടി കേന്ദ്രമായി പ്രവർത്തിക്കുന്ന ഡേ കെയർ സെന്ററിൽ 60 വയസ്സിനുമുകളിൽ പ്രായമായിട്ടുള്ളവരുടെ കൂട്ടായ്മ സംഘടിപ്പിച്ചു. ജീവിതശൈലീ രോഗങ്ങളായ ഷുഗർ, പ്രഷർ എന്നിവ പരിശോധിക്കുകയും ഒരോരുത്തരുടെ ആവശ്യമനുസരിച്ചുള്ള ഫിസിയോ തെറാപ്പി നടത്തുകയും സായാഹ്ന തീരം എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു. വിവിധ മാനസികോല്ലാസ പ്രോഗ്രാമുകളും കൗൺസലിംഗും നൽകി. മാസ്സ് കോർഡിനേറ്റർ സി. സ്നേഹ എസ്.ജെ.സി, ആൻസി ജോസഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## വിളവെടുപ്പ് മഹോത്സവം സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കൊട്ടോടി പകൽവീടിനോടനുബന്ധിച്ച് നട്ടുപിടിപ്പിച്ച പച്ചക്കറിത്തോട്ടത്തിൽ വിളവെടുപ്പ് മഹോത്സവം നടത്തി. വിവിധ തരത്തിലുള്ള പച്ചക്കറിത്തോട്ടങ്ങളിൽ നിന്നായി പകൽവീട്ടിലേയ്ക്ക് ആവശ്യമായ പച്ചക്കറികൾ ശേഖരിച്ചു.

## ലോകദരിദ്രദിനാഘോഷം നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കൊട്ടോടിയിലുള്ള ഡേ കെയർ സെന്ററിൽ വച്ച് ലോക ദാരിദ്ര്യദിനാഘോഷം നടത്തി. വാർഡ് മെമ്പർ പെണ്ണമ്മ ജയിംസ് പരിപാടി ഉദ്ഘാടനം ചെയ്തു. സാമ്പത്തികമായും രോഗം മൂലവും ദാരിദ്ര്യമനുഭവിക്കുന്ന ഒരു വ്യക്തിക്ക് ലോകദാരിദ്ര്യദിനത്തോടനുബന്ധിച്ച് അരിയും പച്ചക്കറികളും വിതരണം നടത്തി.

## ഇ – ശക്തി പ്രോജക്റ്റ്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഇ ശക്തി പ്രോജക്റ്റിൽ രാജപുരം മേഖലയിലെ എല്ലാ സ്വാശ്രയസംഘാംഗങ്ങളുടെയും ഇതുവരെയുള്ള വരവുചിലവു കണക്കുകളുടെ അപ്ലോഡ് ചെയ്യുന്ന ജോലികൾ പൂർത്തീകരിച്ചു.

## മഴവെള്ളസംഭരണി നിർമ്മാണം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഓസ്ട്രേലിയൻ കോൺസുലേറ്റിന്റെ ധനസഹാ

യത്തോടെ കാസർഗോഡ് ജില്ലയിൽ കള്ളാർ ഗ്രാമപഞ്ചായത്തിൽപെട്ട 16 കുടുംബങ്ങൾക്ക് അതിരൂക്ഷമായ വേനൽക്കാലത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന മഴവെള്ള സംഭരണിയുടെ നിർമ്മാണം പുരോഗമിക്കുന്നു. നിലവിൽ 12 മഴവെള്ള സംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചു. പദ്ധതി നിർവ്വഹണത്തിന് മാസ്സ് കോർഡിനേറ്റർ ആൻസി ജോസഫ് നേതൃത്വം നൽകിവരുന്നു.

## തൊഴിൽ പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്വാശ്രയസംഘങ്ങളിലെ സ്ത്രീകൾക്കായി നിത്യോപയോഗസാധനങ്ങളുടെ നിർമ്മാണ പരിശീലനം നടത്തി. ആൻസി ജോസഫ് പരിപാടിക്ക് നേതൃത്വം നൽകി.

## വായനാദിനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ലോകവായനാദിനത്തോടനുബന്ധിച്ച് കൊട്ടോടി സൂര്യാ ഗ്രൂപ്പിൽ എല്ലാ അംഗങ്ങളും പുസ്തകം വായിച്ച് വായനാദിനം ആചരിച്ചു. വായിച്ച പുസ്തകങ്ങളെക്കുറിച്ച് ഒരോരുത്തരും വിശദീകരണം നടത്തുകയും ചെയ്തു.

## തെങ്ങിന്റെ ചെങ്ങാതിക്കൂട്ടം പദ്ധതി

കണ്ണൂർ: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര നാളികേര വികസന ബോർഡിന്റെ സഹായത്തോടെ രാജപുരം മേഖലയിൽ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി നടപ്പിലാക്കി. പ്രസ്തുത പരിശീലന പരിപാടിയുടെ ഉദ്ഘാടനം പനത്തടി പഞ്ചായത്ത് പ്രസിഡന്റ് മോഹനൻ പി.ജി നിർവ്വഹിച്ചു. തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുക, കേരകർഷകരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക, തൊഴിൽ സംരഭംങ്ങൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് തെങ്ങിന്റെ ചെങ്ങാതിക്കൂട്ടം പരിശീലന പദ്ധതി സംഘടിപ്പിച്ചത്. 6 ദിവസങ്ങളിലായി സംഘടിപ്പിച്ച പരിശീലനത്തിൽ തെങ്ങുകയറ്റ പരിശീലനം, തെങ്ങുകയറ്റ യന്ത്ര പരിചയം, ജൈവകൃഷിരീതി, വിത്ത് തേങ്ങ സംഭരണം, ആശയ വിനിമയം, ഇൻഷുറൻസ്, സമ്പാദ്യശീലം, നേതൃത്വഗുണം, പ്രാഥമിക ശുശ്രൂഷ തുടങ്ങിയ വിഷയങ്ങളിലും പരിശീലനം നൽകി. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സൗജന്യമായി തെങ്ങുകയറ്റ മെഷിനും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. പരിശീലന പരിപാടിക്ക് മാസ്റ്റർ ട്രെയിനർ ബാബു, മേഖലാ കോർഡിനേറ്റർ ആൻസി ജോസഫ്, ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

## കാപ്പി കൃഷി പുനരുദ്ധാരണ സെമിനാർ നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡൽഹി ആസ്ഥാന മായി പ്രവർത്തിക്കുന്ന സയൻസ് ആൻഡ് ടെക്നോളജിയുമായി സഹ കരിച്ചുകൊണ്ട് വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ വെള്ള മുണ്ട ഗ്രാമപഞ്ചായത്തിലെ പുളിഞ്ഞാലിൽ നടപ്പിലാക്കിക്കൊണ്ടിരി ക്കുന്ന കാപ്പി കൃഷി പുനരുദ്ധാരണ പരിപാടിയുടെ ഭാഗമായി പുളി ഞ്ഞാൽ ക്രിസ്തുരാജ പാരീഷ്ഹാളിൽ വച്ച് കർഷകർക്കായി ഏകദി നസെമിനാർ സംഘടിപ്പിച്ചു. പ്രോഗ്രാമിൽ ആനിമേറ്റർ ഷാജി സജി സ്വാഗതം പറഞ്ഞു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പു ള്ളിൽ അദ്ധ്യക്ഷത വഹിച്ചു. മാസ്സ് പ്രോജക്റ്റ് കോ-ഓർഡിനേറ്റർ റിങ്കു സെജിൻ കാപ്പി വിളവെടുപ്പ്, സംസ്കരണം എന്നിവയിൽ ക്ലാസ്സ് നയി ച്ചു. കാപ്പി കൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ചും വിപണിയിൽ കാപ്പിക്ക് നല്ല വില ലഭ്യമാകണമെങ്കിൽ ഗുണമേന്മയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നും കാപ്പിയുടെ ശാസ്ത്രീയമായ വിളവെ ടുപ്പ്, സംസ്കരണം എന്നിവയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. ലിസ്സി കുളങ്ങരാത്ത് നന്ദി പറഞ്ഞു. സെമിനാറിൽ 78 വനിതാ കർഷ കർ പങ്കെടുത്തു.

## കാർഷിക സെമിനാർ

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ സഹകരണത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ തേറ്റമലയിൽ നടപ്പിലാക്കിക്കൊണ്ടി രിക്കുന്ന കാപ്പികൃഷി പുനരുദ്ധാരണ പരിപാടിയുടെ ഭാഗമായി തേറ്റ മല സെന്റ് സ്റ്റീഫൻസ് പാരീഷ് ഹാളിൽ വച്ച് കാർഷികസെമിനാർ സംഘടിപ്പിച്ചു. തേറ്റമല വനിതാസംഘം ഫെഡറേഷൻ പ്രസിഡന്റ് ഷൈല ഷാജു സ്വാഗതം പറഞ്ഞു. തേറ്റമല സെന്റ് സ്റ്റീഫൻസ് പള്ളി വികാരി ഫാ. എബി വടക്കേക്കര ഉദ്ഘാടനം ചെയ്തു. മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രാഹം ഉള്ളാടപ്പുള്ളിൽ കാപ്പി കൃഷിയുടെ നടീൽ, വളപ്രയോഗം, പരിപാലനം എന്നിവയിൽ ക്ലാസ്സ് നയിച്ചു. വിദേശനാണ്യം നേടിത്തരുന്ന കാപ്പികൃഷിയിൽ കർഷകർ പ്രത്യേകം ശ്രദ്ധിക്കണ മെന്നും കാപ്പിയുടെ നടീൽ, ശാസ്ത്രീയമായ വളപ്രയോഗം, വേനൽ ക്കാല പരിപാലനം എന്നിവ ശ്രദ്ധിച്ചാൽ കാപ്പിയുടെ വിളവ് ഇപ്പോ ഴത്തെ അവസ്ഥയിൽ നിന്നും ഉയരുമെന്നും ദീർഘകാല വിളയായ

കാപ്പികൃഷിയിൽ കർഷകർ കൂടുതൽ ശ്രദ്ധചെലുത്തേണ്ടത് ആവശ്യ മാണെന്നും ക്ലാസ്സിൽ പറഞ്ഞു. മാസ്സ് പ്രോജക്റ്റ് കോ-ഓർഡിനേറ്റർ ശ്രീമതി റിങ്കു സെജിൻ കാപ്പിയുടെ വിളവെടുപ്പ്-സംസ്കരണം ഇവ യിൽ ഗുണമേന്മ ഉറപ്പ് വരുത്തണമെന്നും പുതിയ ശാസ്ത്ര സാങ്കേതി കവിദ്യയിലൂടെ കാപ്പികൃഷി കൂടുതൽ ലാഭകരമാക്കാൻ സാധിക്കു മെന്നും പറഞ്ഞു. ശ്രീമതി റീന മണിയംകണ്ടത്തിൽ നന്ദി പറഞ്ഞു. പ്രോഗ്രാമിൽ 75 വനിത കർഷകർ പങ്കെടുത്തു.

## ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ സഹകരണത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ പുതുശ്ശേരിയിൽ നടപ്പിലാക്കിക്കൊ ണ്ടിരിക്കുന്ന കാപ്പികൃഷി പുനരുദ്ധാരണ പരിപാടിയുടെ ഭാഗമായി പുതു ശ്ശേരി സെന്റ് തോമസ് പാരീഷ്ഹാളിൽ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. പുതുശ്ശേരി വനിതാ സംഘം ഫെഡറേഷൻ പ്രസിഡന്റ് ലീലാ സണ്ണി സ്വാഗതം പറഞ്ഞു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. കാപ്പികൃഷിയിലെ ജൈവവളത്തിന്റെ പ്രസക്തി, ജൈവകീടനാശിനികൾ കാപ്പികൃഷിയിൽ എന്നീ വിഷയങ്ങളിൽ കാരിത്താസ് ഇന്ത്യ ഫാം പ്രോജക്റ്റ് കോ-ഓർഡി നേറ്റർ ജയിനമ്മ അബ്രാഹം ക്ലാസ്സെടുത്തു. കാപ്പി കൃഷിയിൽ ലഭ്യമാ കേണ്ട ജൈവവളം സ്വന്തമായി കർഷകർക്ക് ഉണ്ടാക്കുവാൻ പറ്റുന്ന രീതി, ജൈവകീടനാശിനികളുടെ നിർമ്മാണരീതി എന്നിവ ക്ലാസ്സിൽ പ്രതിബാധിച്ചു. മാസ്സ് പ്രോജക്റ്റ് കോ-ഓർഡിനേറ്റർ റിങ്കു സെജിൻ കാപ്പിയുടെ ഗുണമേന്മ എങ്ങനെ നിലനിർത്താൻ സാധിക്കും എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു. ലിസി വെള്ളായിക്കൽ നന്ദി പറഞ്ഞു. പ്രോഗ്രാമിൽ 60 വനിതകൾ പങ്കെടുത്തു.

## യൂണിറ്റ്തല സംഗമം സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അലക്സ്നഗർ യൂണിറ്റ് വനിതാ സ്വാശ്രയസംഘം അംഗങ്ങളുടെ സംഗമം അലക്സ്ന ഗർ സെന്റ് ജോസഫ്സ് പാരീഷ്ഹാളിൽ നടന്നു. മാസ്സ് മടമ്പം മേഖലാ കോ-ഓർഡിനേറ്റർ റെനി സിബി സ്വാഗതം പറഞ്ഞു. അലക്സ്നഗർ പള്ളി വികാരി ഫാ. ഷെൽട്ടൺ അപ്പോഴിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. സ്ത്രീകൾ സമൂഹത്തിൽ തങ്ങളുടെ കടമകൾ വിവേകപൂർവ്വം നിർവ്വ

ഹിക്കേണ്ടവരാണെന്നും കുടുംബത്തിന് നേതൃത്വം നൽകുന്ന അമ്മ മാർ എന്ന നിലയിൽ കുടുംബത്തിന്റെ എല്ലാവിധ പുരോഗതിക്കും നേതൃത്വം നൽകാൻ സ്ത്രീകൾക്ക് സാധിക്കണമെന്നും അച്ചൻ പറഞ്ഞു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ 'കുടുംബത്തിന്റെ വളർച്ചയിൽ സ്ത്രീയുടെ പങ്ക്' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. ഇനിയും സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നുവരേണ്ടത് ആവശ്യമാണെന്നും തലമുറകൾക്ക് സമൂഹത്തിന്റെ വളർച്ചയ്ക്ക് വഴികാട്ടിയായി തീരേണ്ടവളാണ് സ്ത്രീയെന്നും ക്ലാസ്സിൽ പറഞ്ഞു. യൂണിറ്റ് ഫെഡറേഷൻ സെക്രട്ടറി ബീനാ സജി റിപ്പോർട്ട് അവതരിപ്പിച്ചു. പെണ്ണമ്മ അബ്രാഹം നന്ദി പറഞ്ഞു. നബാർഡിന്റെ ധന സഹായത്തോടെ നടപ്പിലാക്കുന്ന പേപ്പർ ബാഗ് നിർമ്മാണ പരിശീനലത്തിനുള്ള 30 വനിതകളെ തിരഞ്ഞെടുക്കുകയും ചെയ്തു.

## വനിതാസംഘ യൂണിറ്റ് മീറ്റിംഗ്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി പയ്യാവൂർ യൂണിറ്റ് വനിതാ സ്വാശ്രയസംഘ മീറ്റിംഗ് പയ്യാവൂർ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ്ഹാളിൽ നടന്നു. ആനിമേറ്റർ ശ്രീമതി ആലീസ് ജയിംസ് സ്വാഗതപ്രസംഗം നടത്തി. മാസ്സ് മടമ്പം മേഖലാ കോ-ഓർഡിനേറ്റർ റെനി സിബി അദ്ധ്യക്ഷത വഹിച്ചു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപ്പുള്ളിൽ സ്വാശ്രയസംഘംഗങ്ങൾ ഇന്നലെ ഇന്ന് നാളെ എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. തുടർന്ന് നടന്ന ചർച്ചയിൽ യൂണിറ്റ് തല പ്രവർത്തനങ്ങൾ വിലയിരുത്തി. വരും നാളുകളിലെ സംഘം പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കി. സംഘം അംഗങ്ങൾ ഗ്രൂപ്പ് ലോൺ, ഗ്രാമവികസനസമിതി ലോൺ എന്നിവ ഉപയോഗിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനും തീരുമാനിച്ചു. മീറ്റിംഗിൽ സിസ്റ്റർ അഡ്വൈസർ എത്സമ്മ (കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്) പങ്കെടുത്തു. ജിനി ജോസ് നന്ദി പറഞ്ഞു. പ്രോഗ്രാമിൽ യൂണിറ്റിൽ പ്രവർത്തിക്കുന്ന എല്ലാ സ്വാശ്രയസംഘം അംഗങ്ങളും പങ്കെടുത്തു. ആനിമേറ്റർ ആലീസ് ജോസ് നേതൃത്വം നൽകി.

## കുട നിർമ്മാണ പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ദേശീയ ഗ്രാമവികസന ബാങ്കിന്റെ സഹായത്തോടെ വനിതാ സ്വാശ്രയസംഘാംഗങ്ങൾക്കായി ചെറുകിട സംരംഭകത്വ വികസനപദ്ധതിയുടെ ഭാഗമായി

അമരമ്പലം ക്രിസ്തുരാജാ പാരീഷ്ഹാളിൽ വച്ച് കുടനിർമ്മാണ പരിശീലനം സംഘടിപ്പിച്ചു. പ്രസ്തുത പരിശീലന പരിപാടിയുടെ ഉദ്ഘാടനം അമരമ്പലം ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ മുനിഷ മുനീർ നിർവ്വഹിച്ചു. സി. സ്നേഹ എസ്.ജെ.സി, അബ്രാഹം ഉള്ളാടപ്പുള്ളിൽ, ലാലി ജോയി, ഷൈൻ റോയി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഡിനി ബിജു പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി. പരിശീലന പരിപാടിയോടനുബന്ധിച്ച് നിലമ്പൂർ സാമ്പത്തിക സാക്ഷരതാ കൗൺസിലർ വിദ്യാവതി ഗവൺമെന്റിന്റെ വിവിധ പദ്ധതികളായ അടൽ പെൻഷൻ യോജന, പ്രധാനമന്ത്രി ജീവൻ സുരക്ഷ യോജന തുടങ്ങിയ വിവിധ വിഷയങ്ങളെ ആസ്പദമാക്കി സാമ്പത്തിക സാക്ഷരതാ ക്ലാസ്സ് നയിച്ചു. വിപണനവും സംരഭകത്വവും എന്ന വിഷയത്തെക്കുറിച്ച് അബ്രാഹം യു. പി ക്ലാസ്സെടുത്തു. പരിശീലന പരിപാടിയിൽ 30 വനിതാ സ്വാശ്രയ സംഘാംഗങ്ങൾ പങ്കെടുത്തു.

## വ്യത്യസ്തതയുടെ രുചിക്കൂട്ടൊരുക്കി കേക്ക് നിർമ്മാണ മത്സരം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി 2017 ലെ ക്രിസ്മസിനോടനുബന്ധിച്ച് രാജപുരം മേഖലയിൽ ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു. കള്ളാർ സെന്റ് തോമസ് പള്ളി വികാരി ഫാ. റെജി തണ്ടാശ്ശേരിൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. രാജപുരം ഫൊറോനാ പള്ളി വികാരി ഫാ. ഷാജി വടക്കേത്തൊട്ടിൽ സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നു. മാസ്സ് അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ ആമുഖ സന്ദേശം നൽകി. ക്രിസ്മസ് ആഘോഷത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. പ്രസ്തുത മത്സരങ്ങളിൽ ഏറെ പുതുമനിറഞ്ഞമത്സരമായിരുന്നു ക്രിസ്മസ് കേക്ക് നിർമ്മാണ മത്സരം. മാസ്സിന്റെ ആഭിമുഖ്യത്തിൽ മലബാർ റീജിയണിലെ എല്ലാ യൂണിറ്റുകളിലും കേക്ക് നിർമ്മാണ പരിശീലനം നടത്തിയിരുന്നു. ഇപ്രകാരം ഭവനങ്ങളിൽ തന്നെ നിർമ്മിച്ച കേക്കുകളാണ് മത്സരത്തിന് കൊണ്ടുവന്നത്. ഭവനങ്ങളിൽത്തന്നെ കുക്കർ ഉപയോഗിച്ച് വ്യത്യസ്ത ഫ്ളേവറുകളിൽ നിർമ്മിച്ച കേക്കുകൾ ഏറെ രുചിപ്രദവും ഗുണപ്രദവുമായിരുന്നു. ഇതോടൊപ്പം നടത്തപ്പെട്ട ക്രിസ്മസ് പാപ്പാ മത്സരവും ഏറെ ശ്രദ്ധനേടി. ബലൂൺ റേസ്, സ്പൂൺ റേസ്, ക്യച്ചിംഗ് ദി ബോൾ തുടങ്ങിയ മത്സരങ്ങളും ആഘോഷത്തോടനുബന്ധിച്ച് നടത്തപ്പെട്ടു.

## മഴവെള്ള സംഭരണി നിർമ്മാണം പുരോഗമിക്കുന്നു.

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓസ്ട്രേലിയൻ കോൺസുലേറ്റിന്റെ ധനസഹായത്തോടെ രാജപുരം മേഖലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിലെ 16 കുടുംബങ്ങളിൽ അരംഭിച്ച മഴവെള്ള സംഭരണി നിർമ്മാണം പുരോഗമിക്കുന്നു. പതിനായിരം ലിറ്റർ വീതം സംഭരണികളാണ് ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്നത്. സുതാര്യവും പരിസ്ഥിതിസൗഹാർദ്ദവുമായ ടെക്നോളജി പ്രകാരമാണ് മഴവെള്ളസംഭരണികൾ നിർമ്മിക്കുന്നത്. വരൾച്ചയെ ഒരു പരിധിവരെ ചെറുക്കുന്നതിന് മഴവെള്ള സംഭരണി നിർമ്മാണത്തിലൂടെ സാധിക്കും.

## പുതുമയുടെ ക്രിസ്മസ് സമ്മാനമൊരുക്കി മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

വ്യത്യസ്തതയുടെ മറ്റൊരു ക്രിസ്മസ് ആഘോഷം കൂടി. സെന്റ് ജോസഫ്സ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കണ്ണൂർ പ്രവർത്തിക്കുന്ന പ്രതീക്ഷാഭവനിൽ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്റ്റാഫ് അംഗങ്ങൾ ഒന്നു ചേർന്ന് ക്രിസ്മസ് ആഘോഷിച്ചു. ഭിന്നശേഷിയുള്ള കുട്ടികളോടൊത്തുള്ള ക്രിസ്മസ് ആഘോഷം ഏറെ പുതുമനിറഞ്ഞതും വ്യത്യസ്തവുമായ അനുഭവമായിരുന്നു. പ്രതീക്ഷാഭവനിലെ കുട്ടികൾക്കും അദ്ധ്യാപകർക്കും ക്രിസ്മസ് സമ്മാനങ്ങളുമായാണ് മാസ്സ് അംഗങ്ങൾ എത്തിയത്. മാസ്സ് അസി. ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ ക്രിസ്മസ് സന്ദേശം നൽകി. സെന്റ് ജോസഫ്സ് മലബാർ റീജിയണൽ സുപ്പീരിയർ സി. മെർലിൻ ആമുഖ സന്ദേശം നൽകി. പ്രതീക്ഷാഭവൻ പ്രിൻസിപ്പാൾ സി. റാണി എസ്.ജെ.സി പരിപാടികൾക്ക് നേതൃത്വം നൽകി. കഴിഞ്ഞ അദ്ധ്യയന വർഷം സ്റ്റേറ്റ് ലെവൽ മത്സരങ്ങളിൽ മികവ് പുലർത്തിയ കുട്ടികളെ ചടങ്ങിൽ പ്രത്യേകം ആദരിച്ചു.

**ഫാ. മാത്യൂസ് വലിയപുത്തൻപുര**

അസിസ്റ്റന്റ് /സെക്രട്ടറി മാസ്സ്

# ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ

## കെ.സി.ഡബ്ല്യു.എ. പിറവം ഫൊറോന പ്രവർത്തനോദ്ഘാടനം

പിറവം: ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ പിറവം ഫൊറോനതല പ്രവർത്തനോദ്ഘാടനം, പിറവം ഫൊറോനപള്ളി പാരിഷ് ഹാളിൽ കോട്ടയം അതിരൂപതാ വികാരി ജനറാളും, കെ.സി.ഡബ്ല്യു.എ. ചാപ്ലയിനുമായ ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവഹിച്ചു.

കെ.സി.ഡബ്ല്യു.എ. ഫൊറോന പ്രസിഡന്റ് അന്നമ്മ ജോൺ തറയിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ഫൊറോനവികാരി റവ. ഡോ. തോമസ് ആദോപ്പിള്ളിൽ അനുഗ്രഹപ്രഭാഷണവും ഫൊറോനചാപ്ലയിൻ ഫാ. ഷാജി മേക്കര മുഖ്യപ്രഭാഷണവും നടത്തി. പിറവം അസിസ്റ്റന്റ് വികാരി ഫാ. ദിപു ഇറപുറത്ത് ക്നാനായ സമുദായവും സഭയും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിക്കുകയും ചെയ്തു. ഫൊറോന സെക്രട്ടറി ജയിനമ്മ ജോസഫ് കുഴിക്കാട്ട്മനയ്ക്കൽ സ്വാഗതവും വൈസ്പ്രസിഡന്റ് ലില്ലി തമ്പി കാവനാൽ കൃതജ്ഞതയും പറഞ്ഞു.

കെ.സി.സി ഫൊറോന പ്രസിഡന്റ് രാജു പാണാലിക്കൽ, കെ.സി. ഡബ്ല്യൂ.എ. ഫൊറോന ജോയിന്റ് സെക്രട്ടറി ബിന്ദു ജോൺ, ഖജാൻജി സുജ ജോൺ എന്നിവർ ആശംസകൾ നേർന്നു. സി. ജൂലിയും പിറവം യൂണിറ്റ് ഭാരവാഹികളും പരിപാടികൾക്ക് നേതൃത്വം നല്കി.

**ബീന രാജു**, സെക്രട്ടറി

# ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ്

## സമുദായ സംഘടനകൾ ലക്ഷ്യങ്ങൾക്കായി കൂട്ടായി യത്നിക്കണം: മാർ മാത്യു മൂലക്കാട്ട്

കോട്ടയം: അതിരൂപതയുടെ അൽമായ സംഘടനകളായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്, ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ, ക്നാനായ കാത്തലിക് യൂത്ത് ലീഗ് എന്നീ സംഘടനകളിലെ ഭാരവാഹികളും അംഗങ്ങളും തങ്ങളുടെ ദൗത്യത്തെക്കുറിച്ചും സംഘടനയുടെ ലക്ഷ്യത്തെക്കുറിച്ചും കൂടുതൽ അവബോധമുള്ളവരായി പ്രവർത്തിക്കണമെന്ന് മാർ മാത്യു മൂലക്കാട്ട്. ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ വാർഷിക പ്രതിനിധി സഭായോഗത്തിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

സഭയോടൊപ്പം യാത്ര ചെയ്ത് ആത്മീയ വളർച്ച നേടി ദൈവരാജ്യ ത്തിലേക്കുള്ള നമ്മുടെ ജീവിത യാത്രയിൽ അനുദിനം മുൻപോട്ട് പോകേണ്ടത് സംഘടനയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യമാണ്. കെ.സി.സി, കെ.സി.ഡബ്ല്യു.എ, കെ.സി.വൈ.എൽ സംഘടനകൾ ആത്മീയ വളർച്ചയോടൊപ്പം സമുദായ ശാക്തീകരണത്തിന് മുൻഗണന നൽകി പ്രവർത്തിക്കണം. ക്നാനായ സമുദായത്തിലെ മുൻതലമുറ ക്കാർ സമുദായ ശാക്തീകരണത്തിന്റെയും നിലനിൽപ്പിന്റെയും അടി സ്ഥാനമായ സ്വവംശവിവാഹനിഷ്ഠയ്ക്ക് വലിയ പ്രാധാന്യം നൽകി യിരുന്നു.

ഏതുകാരണവുംമൂലമാകട്ടെ സമുദായ അംഗത്വം നഷ്ടപ്പെ ടുത്തിയവരുടെ നഷ്ടബോധം നമുക്ക് പാഠമാകണം. സ്വവംശ വിവാ ഹനിഷ്ഠ ക്നാനായ സമുദായത്തിന്റെ സംസ്ക്കാരവും പാരമ്പര്യവും അവകാശവുമാണ്. അത് നിലനിർത്തിപ്പോകുകയെന്നത് ഓരോ ക്നാനാ യക്കാരന്റെയും ഉത്തരവാദിത്വവും. താൽക്കാലിക ലാഭത്തിനും സ്വാർത്ഥ താല്പര്യങ്ങൾക്കുമായി സമുദായാംഗത്വം നഷ്ടപ്പെടുത്തു ന്നവർ പിന്നീട് ദുഃഖിക്കുന്നതിൽ അർത്ഥമില്ല. അതിനാൽ കുടുംബ ത്തിലും സംഘടനകളിലും നമ്മുടെ മഹത്തായ പാരമ്പര്യം പാലിക്കാ നുതകുന്ന ജീവിത മാതൃകകളും പരിശീലനങ്ങളും അനിവാര്യമാണ്. യുവജനങ്ങളാണ് നമ്മുടെ സമ്പത്ത്. യുവജനങ്ങളെ പ്രോത്സാഹിപ്പി ക്കുകയും ശക്തിപ്പെടുത്തുകയും വേണം. അനാചാരങ്ങളും തെറ്റായ മാതൃകകളും യുവജനങ്ങളുടെ ക്നാനായ സമുദായ സ്നേഹത്തിന് കുറവ് വരുത്തുവാൻ ഇടയാക്കുന്നത് നമ്മൾ തിരിച്ചറിയണം. കുട്ടിക ളുടെ പരിശീലനം നമുക്ക് സുപ്രധാനമാണ്. അതിനാലാണ് വിദേശങ്ങ ളിൽ നമ്മുടെ വൈദികരുടെ സേവനം ലഭ്യമാക്കി ക്നാനായ ഇടവക കളിലൂടെ നമ്മുടെ പുതുതലമുറയെ സമുദായ സ്നേഹത്തിൽ വളർത്തു വാൻ നമ്മൾ സദാ പരിശ്രമിച്ചു വരുന്നത്.

മലബാർ, ഹൈറേഞ്ച് തുടങ്ങിയ കുടിയേറ്റ മേഖലകൾ ഇന്ന് വിക സനം ഏറെ കൈവരിച്ചിരിക്കുന്നുവെന്ന യാഥാർത്ഥ്യം ഇനിയെങ്കിലും എല്ലാവരും തിരിച്ചറിയുകയും വിവാഹ ആലോചനകൾ വരുമ്പോൾ കുടിയേറ്റ മേഖലകളെ തുല്യമായി പരിഗണിക്കേണ്ടതാണെന്ന ബോദ്ധ്യം നമ്മുടെയിടയിൽ വളർത്തുകയും വേണം. സമുദായത്തെക്കുറിച്ചുള്ള തെറ്റായ അറിവുകളും തെറ്റിദ്ധാരണകളും ദുരഭിമാനബോധവും കൈവെ ടിയണം. ത്യാഗങ്ങളും വിട്ടുവീഴ്ചകളും ചെയ്യുമ്പോഴാണ് സ്നേഹ

ത്തിൽ ആഴപ്പെടുന്നതെന്ന ബോദ്ധ്യം സമുദായാംഗങ്ങളിൽ വളർത്തണം. വെല്ലുവിളികളും പ്രതിസന്ധികളും നമുക്ക് ഒരിക്കലും ഭീഷണിയാവില്ലായെന്ന നമ്മുടെ പൂർവ്വികരുടെ ജീവിതാനുഭവം നമ്മൾ ഓർമ്മിക്കണം. ദൈവാശ്രയബോധവും മൂല്യങ്ങളോടുള്ള വിശ്വസ്തതയുമായിരിക്കണം നമ്മുടെ ജീവിത വഴിത്താരയിലെ ഊർജ്ജസ്രോതസ്സുകൾ. എൻഡോഗമി നമ്മുടെ സംസ്കാരമാണ് പാരമ്പര്യമാണ്; ക്നാനായ സമുദായത്തിന്റെ നിലനിൽപിന്റെ അടിസ്ഥാനവുമാണ്. അതിനാൽ സ്വവംശവിവാഹനിഷ്ഠ അമൂല്യനിധിയായി കാത്തുപരിപാലിക്കണം. സഭ ഒരിക്കലും നമ്മുടെ സ്വവംശവിവാഹനിഷ്ഠയ്ക്ക് എതിരല്ല. എന്നാൽ അത് പരിപാലിക്കുവാൻ നിഷ്ക്കർഷിക്കുകയെന്നത് സഭയുടെ ഉത്തരവാദിത്വമല്ല; പിന്നയോ എൻഡോഗമി പാലിക്കുകയെന്നത് ഓരോ സമുദായാംഗത്തിന്റേയും ഉത്തരവാദിത്വമാണെന്ന ബോധ്യത്തിൽ ഓരോ ക്നാനായ സമുദായ അംഗവും പ്രവർത്തിക്കുമ്പോൾ ക്നാനായ സമുദായത്തിന്റെ ഭാവി ശോഭനമാകുകയും സമുദായം സുസ്ഥിരമായി നിലനിൽക്കുകയും ചെയ്യും.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
വികാരി ജനറാൾ

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ഡിസംബർ 2017**

5–7 പി.ഒ.സിയിൽ കൂടിയ കെ.സി.ബി.സി യിൽ പങ്കെടുത്തു.
8 സെന്റ് ജോസഫ് ജനറലേറ്റിൽ വി. ബലിയർപ്പിച്ചു.
– ഉഴവൂരിൽ മാതാവിന്റെ അമലോത്ഭവത്തിരുനാളിൽ ദിവ്യകാരുണ്യ പ്രദക്ഷിണത്തിന് കാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.
9 പെരിക്കല്ലൂർ വിസിറ്റേഷൻ മഠം വെഞ്ചരിക്കുകയും വി. ബലി അർപ്പിക്കുകയും ചെയ്തു.
– മലബാർ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് പെരിക്കല്ലൂരിൽ വച്ച് നടത്തിയ മാതൃ-പിതൃ സംഗമത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.
10 മോനിപ്പള്ളിയിൽ ഇടയ സന്ദർശനം നടത്തി.

- കടുത്തുരുത്തിയിൽ നടന്ന അതിരൂപത കെ.സി.വൈ.എൽ വാർഷികാഘോഷത്തിൽ സംബന്ധിച്ചു.

11 പുത്തൻ കുരിശിൽ യാക്കോബായ വിഭാഗവുമായി നടന്ന ഡയലോഗിൽ പങ്കെടുത്തു.

12, 13 വാകത്താനത്ത് മലങ്കര ഓർത്തഡോക്സ് സിറിയൻ സഭാവിഭാഗവുമായി നടത്തിയ ഡയലോഗിൽ പങ്കെടുത്തു.

14 ബി.സി.എം. ഹോസ്റ്റലിൽ വി. ബലിയർപ്പിച്ചു.

- മെത്രാസന മന്ദിരത്തിൽ കൂടിയ സന്ന്യാസിനി സമൂഹങ്ങളിലെ സുപ്പീരിയേഴ്സ് മീറ്റിങ്ങിൽ സംബന്ധിച്ചു.

- മെത്രാസന മന്ദിരത്തിൽ കൂടിയ വൈദീകരുടെ ബാച്ച് തിരിച്ചുള്ള മീറ്റിംഗിൽ സംബന്ധിച്ചു.

16 ചൈതന്യയിൽ കൂടിയ കെ.സി.ബി.സി സോണൽ മീറ്റിംഗിൽ പങ്കെടുത്തു.

- കാരിത്താസ് പള്ളിയുടെ രജതജൂബിലി സമാപനത്തിൽ വി. ബലിയർപ്പിക്കുകയും സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

17 അറുനൂറ്റിമംഗലം ഇടവകയിൽ ഇടയസന്ദർശനം നടത്തി.

- ചൈതന്യയിൽ കൂടിയ കെ.സി.സി. ജനറൽ ബോഡിയിൽ പങ്കെടുത്തു.

19 ചൈതന്യയിൽ കൂടിയ വൈദീകരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

22 കടുത്തുരുത്തി സഹകരണ ആശുപത്രിയിൽ അഭി. കുന്നശ്ശേരി പിതാവിന്റെ ഛായാചിത്രം അനാവരണം ചെയ്തു.

23 കോട്ടയം തിരുനക്കര മൈതാനിയിൽ കൂടിയ സർവ്വമത ക്രിസ്മസ് ആഘോഷത്തിൽ സംബന്ധിച്ചു.

24 തൂവാനീസയിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

25 ക്രിസ്തുമസ് ദിനത്തിൽ കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ വി. ബലിയർപ്പിച്ചു.

26 ഉഴവൂർ പള്ളിയിൽ വി. ബലിയർപ്പിച്ചു.

27 പാച്ചിറ ഇടവകാംഗം ഡീക്കൻ മാത്യു കാലായിൽകരോട്ടിന് വൈദീക പട്ടം നൽകി.

28 അമനകര ഇടവകാംഗങ്ങളായ ഡീക്കൻ മാത്യു മണലോടിക്കും ഡീക്കൻ ജേക്കബ് മേക്കരക്കും വൈദീക പട്ടം നൽകി.
29 പറമ്പഞ്ചേരി ഇടവകാംഗം ഡീക്കൻ മത്തായി കുളക്കാട്ടുകുടിയിലിന് വൈദീക പട്ടം നൽകി.
30 പെരിക്കല്ലൂർ ഇടവകാംഗം ഡീക്കൻ ജോൺ മൂലക്കാട്ടിനു വൈദീക പട്ടം നൽകി.

**ജനുവരി 2018**

1 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പെർമനന്റ് സിനഡിൽ സംബന്ധിച്ചു.
2 ഉഴവൂർ ഇടവകാംഗം ഡീക്കൻ മാണി കോന്തനാനിക്കലിനു വൈദീക പട്ടം നൽകി.
4 പടമുഖം ഇടവകാംഗം ഡീക്കൻ ജോൺ കവുങ്ങുംപാറയിലിനു വൈദീക പട്ടം നൽകി.
5 പാഴുത്തുരുത്ത് സെന്റ് കുര്യാക്കോസ് സ്കൂളിന്റെ രജതജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

# ENGAGEMENTS

## Mar Mathew Moolakkatt

### January 2018

6 Holy Qurbana with New Preists at Cathedral.
- Sacerdotal Golden Jubilee Celebrations of Rev. Fr. Mathew Vettukallel.
8-13 Syro Malabar Bishop's Synod at Kakkanad.
14 Pastoral Visit at Eravimangalam.
- Blessing of Bishop Chulaparambil block at Caritas.
15 Blessing of St. Theresas's Knanaya Malankara Catholic Church, Ranny
16 Theologians Forum Meet at Chaithanya.
17 Inter Church Meet at Seeri.
18 Death Anniversary of Mar Makil and Holy Qurbana at Edacat.

19 International Nursing Conference on Oncology at Kumarakom.
20 KCBC Zonal Meeting at Ernakulam.
21 Bible Convention at Rajapuram.
23 Moonnu Nomb at Kaduthuruthy.
24 Madampam Bible Convention at Payyavoor Town.
25 Platinum Jubilee Celebrations at Holy Family L.P. School, Rajapuram.
27 Teachers' Meet at Barmariam Pastoral Centre, Kannur.
28 Missionaries Meet at POC.
29-30 Ongoing Formation of Priests at Mariamala, Pazhuthuruth.
30 to
Feb 9 CBCI Plenary Assembly at Bangalore.

## അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഡിസംബർ 2017**

3 ഡൽഹിയിലെ ക്നാനായ സംഗമത്തിൽ പങ്കെടുത്തു.
8 കട്ടച്ചിറ പള്ളിയിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നല്കുകയും ഇടവകയുടെ ശതോത്തര രജതജൂബിലി ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
9 പെരിക്കല്ലൂരിൽ വച്ച് ക്നാനായ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയിൽ കെ.സി.സി., കെ.സി.ഡബ്ല്യു.എ. മാതൃ-പിതൃ സംഗമത്തിന്റെ ഭാഗമായി നടത്തപ്പെട്ട റാലിയിൽ സംബന്ധിക്കുകയും വി. കുർബാനയിൽ സഹകാർമ്മികത്വം വഹിക്കുകയും, പൊതു സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.
12 ക്നാനായ മലബാർ കുടിയേറ്റ ജൂബിലിയോടനുബന്ധിച്ച് കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തിയ മലബാർ റീജിയൺ ഗായകസംഘങ്ങൾക്കുള്ള പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.

14 അതിരൂപതാ മെത്രാസന മന്ദിരത്തിൽ നടത്തിയ യുവവൈദികരുടെ സംഗമത്തിൽ സംബന്ധിച്ചു.

15 ഒളശ്ശ ഇടവക പരേതനായ തയ്യിൽ ഫിലിപ്പിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ സമാപന കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു.

17 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തിയ സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ പരിശീലന പരിപാടിക്ക് നേതൃത്വം കൊടുത്തു.

– ഏറ്റുമാനൂർ ടൗൺ യു.പി സ്കൂളിന്റെ പൂർവവിദ്യാർത്ഥിസംഗമം ഉദ്ഘാടനം ചെയ്തു.

20 അജ്കർ പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

21. ചുള്ളിക്കര ഇടവക പരേതയായ ഉള്ളാട്ടിൽ ഏലിയുടെ ഭവനത്തിൽ പരേതയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

21 കടബ ക്നാനായ ജ്യോതി ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാർഷികാഘോഷത്തിൽ അദ്ധ്യക്ഷം വഹിച്ചു.

22 കണ്ണൂർ എക്യൂമെനിക്കൽ ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്തു.

23 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ നടത്തിയ മത, രാഷ്ട്രീയ, സാംസ്കാരിക നേതാക്കളൊരുമിച്ച് ക്രിസ്തുമസ് സംഗമം നടത്തുകയും അന്യസംസ്ഥാന തൊഴിലാളികൾക്ക് ക്രിസ്തുമസ് സമ്മാനം നല്കുകയും ചെയ്തു.

24 ശ്രീപുരം പള്ളിയിലെ ക്രിസ്തുമസ് തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ച് വചനസന്ദേശം നൽകി.

27 ഏറ്റുമാനൂർ ഇടവക ഡീക്കൻ കുര്യൻ വലിയപുളിഞ്ചാക്കിൽ, ചാക്കോ ചക്കുങ്കൽ എന്നിവർക്ക് പുരോഹിത പട്ടം നല്കി.

28 ചമതച്ചാൽ ഇടവക ഡീക്കൻ തോമസ് താഴത്തുവെട്ടത്തിന് പുരോഹിത പട്ടം നല്കി.

29 മടമ്പം ഇടവക ഡീക്കൻ പ്രദീപ് പടേട്ടിന് പുരോഹിത പട്ടം നല്കി.

30 കരിങ്കുന്നം ഇടവക ഡീക്കൻ ചാക്കോ കൂട്ടക്കല്ലുങ്കലിന് പുരോഹിത പട്ടം നല്കി.

**ജനുവരി 2018**

1 നീണ്ടൂർ ഇടവക ഡീക്കൻ ജോസഫ് വെള്ളപ്പള്ളിക്കുഴിക്ക് പുരോഹിത പട്ടം നല്കി.

3 ചാമക്കാല ഇടവക ഡീക്കൻ സിറിയക് ഓട്ടപ്പള്ളിക്ക് പുരോഹിത പട്ടം നല്കി.

# ENGAGEMENTS

**Mar Joseph Pandarasseril**

## January 2018

5 New Priests Gathering at Archbishop's House.

7 Inauguration of Shomshabad Diocese at Hyderabad.

8-13 Synod at Mount St. Thomas Kakkanad.

13 Inauguration of Silver Jubilee Celebration of the Syro-Malabar Hierarchy at Mount St. Thomas.

14 Blessing of new Block of Caritas Director's quarters.

15 Consecration of newly built Church at Ranni.

16 Holy Qurbana at Ranni.

17 Holy Qurbana at Rajapuram Forane Bible Convention, Rajapuram.

18-21 To Kuwait, for the Knanaya Sangamom.

23 Centenary inauguration of OLL High School Uzhavoor.

\- Message at Purathunamaskaram Kaduthuruthy.

25 Sreepuram E.M. School Anniversary.

26 Malabar Region Sacristians Meeting at Barmariam Kannur.

\- Kannur Diocese Bible Convention at Pilathara.

27 Kudiyetta Platinum Jubilee Archeparchial Teachers' Meeting at Barmariam, Kannur.

28 Madampam Forane Bible Convention at Payyavoor Town.

## February 2018

2-9 CBCI Meeting at St. John's Bangalore.

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ
# മല്പാൻ മോൺ. മാത്യു വെള്ളാനിക്കൽ

## ദൈവപുത്രത്വത്തിന്റെ സുവിശേഷപ്രഘോഷകൻ

**(തിരുവചനഭാഗം: മർക്കോ 15, 1-47)**

വി. മർക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നത്, "ദൈവപുത്രനായ ഈശോമിശിഹായുടെ സുവിശേഷത്തിന്റെ ആരംഭം" (1,1) എന്നു പറഞ്ഞുകൊണ്ടാണ്. ഈശോയുടെ സുവിശേഷപ്രഘോഷണത്തിന്റെ അവസാനഘട്ടത്തിൽ, മർക്കോസ് പീഡാനുഭവവിവരണം അവസാനിപ്പിക്കുന്നത്, അവിടുത്തെ ദൈവപുത്രത്വം പ്രഖ്യാപിച്ചുകൊണ്ടാണ്: "അവന് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ, അവൻ ഇപ്രകാരം മരിച്ചതുകണ്ടു പറഞ്ഞു: സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (15,39). മർക്കോസിന്റെ കാഴ്ചപ്പാടിൽ ഈശോ തന്റെ രക്ഷാകരദൗത്യം പൂർത്തിയാക്കിയത് തന്റെ മനുഷ്യത്വത്തിൽ ദൈവപുത്രത്വം ജീവിച്ചുകൊണ്ടും അത് വെളിപ്പെടുത്തിക്കൊണ്ടുമാണ്. ക്രൈസ്തവരുടെ അടിസ്ഥാനപരമായ വിളി പരിശുദ്ധിയും ദൈവപുത്രത്വവുമാണ്: "ഈശോമിശിഹാവഴി നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന്, അവിടുന്ന് തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചു" (എഫേ 1, 4-5). ദൈവപുത്രത്വം വെളിപ്പെടുത്തിക്കൊണ്ടുള്ള അവിടുത്തെ മനുഷ്യജീവിതത്തിന്റെ പൂർത്തീകരണമായിരുന്നു ഈശോയുടെ പീഡാനുഭവവും മരണവും. ഈശോയുടെ പീഡാനുഭവ വിവരണത്തിലെ റോമൻ വിസ്താരം മുതൽ മൃതസംസ്കാരം വരെയാണ് മർക്കോസ് 15-ാം അദ്ധ്യായം വിവരിക്കുന്നത്. അഞ്ചു ഭാഗങ്ങളാണ് ഈ വിവരണത്തിലുള്ളത്. 1. വിചാരണയും വിധിയും (15,1-15); 2. പടയാളികളുടെ പരിഹാസം (15,16-20); 3. ഈശോ കുരിശിൽ (15,21-32); 4. ഈശോയുടെ മരണം (15,33-41); 5. മൃതസംസ്കാരം (15,42-47).

### 1. ദൈവപുത്രത്വം വെളിപ്പെടുത്തുന്ന രാജത്വം

"*പീലാത്തോസ് അവനോടു ചോദിച്ചു: നീ യഹൂദരുടെ രാജാവാണോ? അവൻ മറുപടി പറഞ്ഞു: നീ തന്നെ പറയുന്നു*" (15,2).

"നീ യഹൂദരുടെ രാജാവാണോ?" എന്ന പീലാത്തോസിന്റെ ചോദ്യം, യഹൂദർ ഈശോയ്ക്കെതിരെ ഉന്നയിച്ച ആരോപണം എന്തായിരുന്നു എന്ന് വ്യക്തമാക്കുന്നു. മിശിഹായെ ഒരു രാജാവായാണ് ഇസ്രായേൽജനം പ്രതീക്ഷിച്ചിരുന്നത്. അതുകൊണ്ട് താൻ മിശിഹായാണ് എന്ന ഈശോയുടെ പ്രഖ്യാപനം താൻ രാജാവാണെന്ന പ്രഖ്യാപനത്തിനു തുല്യമാണെന്ന് യഹൂദർ പീലാത്തോസിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടാവണം. രാജാവാണെന്ന് അവകാശപ്പെടുന്നത് സീസറിന്റെ അധികാരത്തെ ചോദ്യം ചെയ്യുന്ന ഗൗരവമായ രാജ്യദ്രോഹക്കുറ്റമാണ്. "നീ തന്നെ പറയുന്നു" എന്നത് സമ്മതം പ്രകടിപ്പിക്കുന്ന പ്രയോഗമാണ് (ലൂക്കാ 22,70-71). താൻ രാജാവാണെന്ന് ഈശോ സമ്മതിക്കുന്നു. എന്നാൽ അത് പീലാത്തോസ് ഭയക്കുന്ന തരത്തിലുള്ള രാജത്വമല്ല (മത്താ 27,2). എങ്കിലും ഈശോ മരണത്തിനു വിധിക്കപ്പെടുന്നത് തന്റെ രാജത്വത്തിന്റെ പേരിലാണ്. കുറ്റവാളിയുടെ കുറ്റമായി കുരിശിൻ മുകളിൽ എഴുതിവച്ചതും "യഹൂദന്മാരുടെ രാജാവായ നസറായൻ ഈശോ" എന്നായിരുന്നുവല്ലോ.

ഈശോയുടെ രാജത്വത്തിന്റെ സ്വഭാവം വി. യോഹന്നാന്റെ സുവിശേഷത്തിൽ വ്യക്തമാക്കുന്നുണ്ട്: "ഇതിനു വേണ്ടിയാണ് ഞാൻ ജനിച്ചത്. ഇതിനു വേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നതും - സത്യത്തിനു സാക്ഷ്യം നല്കാൻ" (യോഹ 18,37). സത്യത്തിനു സാക്ഷ്യം നല്കുന്ന രാജത്വമാണ് ഈശോയുടെ രാജത്വം. സത്യമെന്നു പറയുന്നത് ദൈവവചനമാണ് (യോഹ 17,17). ഈശോ 'വചനം മാംസമായ' വ്യക്തിയാണ് (യോഹ 1,14). 'വചനം' വ്യക്തിയുടെ സ്വയം വെളിപ്പെടുത്തലാണ്. വചനമാകുന്ന ഈശോ ദൈവമാകയാൽ (യോഹ 1,1-2) അവിടുത്തെ വചനം ദൈവത്തെ വെളിപ്പെടുത്തുന്നതാണ്. യോഹ 1,1-2 നു സമാന്തരമായ 1,18 ൽ വ്യക്തമായി പറയുന്നു: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്". ഈശോയുടെ ജീവിതം മുഴുവൻ ദൈവവുമായുള്ള പിതൃപുത്രബന്ധത്തിന്റെ വെളിപ്പെടുത്തലായിരുന്നു. 'ബറാബ്ബാസ്' എന്ന വാക്കിന്റെ അർത്ഥം 'അപ്പന്റെ മകൻ' എന്നാണ്. മാനുഷികപുത്രത്വം അക്രമത്തിന്റേതും കൊലപാതകത്തിന്റേതുമാ

ണെങ്കിൽ ദൈവപുത്രത്വം അഹിംസയുടേതും സ്നേഹത്തിന്റേതുമാണ്. ബറാബ്ബാസിനെ മോചിപ്പിക്കാനും ഈശോയെ ക്രൂശിക്കാനും ആവശ്യപ്പെട്ടതിലൂടെ യഹൂദർ മാനുഷികപുത്രത്വത്തെ സ്വീകരിക്കുകയും ദൈവികപുത്രത്വത്തെ നിരസിക്കുകയുമാണ് ചെയ്തത്. ഈ ദൈവികപുത്രത്വത്തിന്റെ സുവിശേഷമാണ് പുരോഹിതൻ പ്രഘോഷിക്കേണ്ടത്.

**2. ശത്രുക്കളെ സ്നേഹിക്കുന്ന ദൈവപുത്രത്വം**

"*അവർ അവനെ ചെമപ്പുവസ്ത്രം ധരിപ്പിക്കുകയും ഒരു മുൾക്കിരീടം മെടഞ്ഞ് അണിയിക്കുകയും ചെയ്തു. യഹൂദരുടെ രാജാവേ, സ്വസ്തി! എന്ന് അവർ അവനെ അഭിവാദനം ചെയ്യാൻ തുടങ്ങി. പിന്നീട് ഞാങ്ങണകൊണ്ട് അവന്റെ ശിരസ്സിൽ അടിക്കുകയും അവന്റെമേൽ തുപ്പുകയും മുട്ടുകുത്തി അവനെ പ്രണമിക്കുകയും ചെയ്തു*" (15,17 -19).

റോമൻ പടയാളികളാൽ പരിഹസിക്കപ്പെടുന്ന രംഗമാണ് ഇവിടെ വിവരിക്കുന്നത്. സാൻഹെദ്രീനിലെ വിചാരണ അവസാനിക്കുന്നതുപോലെതന്നെ പീലാത്തോസിന്റെ വിചാരണയും പടയാളികളുടെ പരിഹാസത്തോടെയാണ് അവസാനിക്കുന്നത്. വിജാതീയരാൽ താൻ അപമാനിക്കപ്പെടുമെന്ന് ഈശോ പ്രവചിച്ചിരുന്നു: "അവർ അവനെ മരണത്തിനു വിധിക്കുകയും വിജാതീയർക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യും. അവർ അവനെ പരിഹസിക്കുകയും അവന്റെമേൽ തുപ്പുകയും അവനെ പ്രഹരിക്കുകയും വധിക്കുകയും ചെയ്യും. മൂന്നു ദിവസത്തിനുശേഷം അവൻ ഉയിർത്തെഴുന്നേല്ക്കും" (10,34). രാജകീയ വസ്ത്രത്തിന്റെ നിറമാണ് ചെമപ്പ്. ചെമപ്പുവസ്ത്രവും മുൾക്കിരീടവുമണിയിക്കുന്നത് ഈശോയുടെ രാജത്വത്തെ പുച്ഛിക്കുന്നതിനും പരിഹസിക്കുന്നതിനുംവേണ്ടിയാണ്. അറിയാതെയാണെങ്കിലും പടയാളികൾ ഈശോയെ മുൾക്കിരീടം ധരിപ്പിക്കുന്നത് അർത്ഥഗർഭമാണ്. മനുഷ്യപാപത്തിന്റെ ദൈവശിക്ഷയായ മുള്ളും മുൾച്ചെടികളും (ഉല്പ 3,17 -18) ഈശോ തന്റെമേൽ ഏറ്റെടുക്കുകയാണ്. "സീസറേ, സ്വസ്തി" എന്നത് അനുകരിച്ചാണ് "യൂദന്മാരുടെ രാജാവേ, സ്വസ്തി" എന്ന് ആക്ഷേപിക്കുന്നത്. ഈശോയുടെ രാജത്വത്തെയാണ് അവർ അധിക്ഷേപിച്ചത്. ഈശോ യഥാർത്ഥത്തിൽ രാജാവാണെന്ന സത്യം അറിയാതെ

യാണെങ്കിലും തങ്ങളുടെ പ്രവൃത്തിയിലൂടെ അവർ പ്രഘോഷിക്കുക യായിരുന്നു.

ക്രിസ്തീയജീവിതം പരിഹസിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുന്ന ഒരു ജീവിതമാണെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. വിശ്വാസമാണല്ലോ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം. 'വിശ്വാസികളുടെ സമൂഹം' എന്നാണ് ആദിമക്രൈസ്തവസമൂഹം അറിയപ്പെട്ടിരുന്നത് (നട 4,32). വിശ്വാസത്തിന്റെ വെളിച്ചത്തിലുള്ള ജീവിതം വിശ്വാസമില്ലാത്തവർക്ക് മനസ്സിലാക്കുവാനും സ്വീകരിക്കുവാനും ബുദ്ധിമുട്ടുണ്ടാവുക സ്വാഭാവികമാണ്. അതുകൊണ്ട് വിശ്വാസമില്ലാത്തവരുടെ പരിഹാസവും നിന്ദയും വിശ്വാസികൾക്ക് എപ്പോഴും പ്രതീക്ഷിക്കാം. സഭ മനുഷ്യരുടെ സമൂഹമായതുകൊണ്ടും സഭാംഗങ്ങൾക്കെല്ലാവർക്കും എപ്പോഴും വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കാൻ കഴിയാതെ വരുന്നതുകൊണ്ടും സഭയിൽത്തന്നെ ഇതുപോലെയുള്ള സാഹചര്യങ്ങളുണ്ടാകാം. അജപാലകരായ പുരോഹിതരെ സംബന്ധിച്ചിടത്തോളം അവരുടെ ശുശ്രൂഷാതലങ്ങളിലും മനസ്സിലാക്കപ്പെടാതെ നിന്ദനവും പരിഹാസവും ലഭിക്കുന്ന സാഹചര്യങ്ങളുണ്ടാകാം. അപ്പോഴൊക്കെ പടയാളികളാൽ പരിഹസിക്കപ്പെട്ട ഈശോ നമുക്കു പ്രചോദനമാകണം. അവിടുന്നു പഠിപ്പിച്ചു: "ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരും" (മത്താ 5,44-45). താൻ പഠിപ്പിച്ചത് തന്റെ പീഡാനുഭവത്തിൽ ഈശോ അക്ഷരാർത്ഥത്തിൽ ജീവിച്ചു. അവിടുത്തെ പ്രബോധനവും ജീവിതവും നമുക്കും പ്രചോദനമാകണം.

**3. സഹനം അവകാശമായി കരുതുന്ന ദൈവപുത്രത്വം**

"*തലയോടിടം എന്നർത്ഥമുള്ള ഗോൽഗോഥായിൽ അവർ അവനെ കൊണ്ടുവന്നു. മീറ കലർത്തിയ വീഞ്ഞ് അവർ അവനു കൊടുത്തു. അവൻ അതു കുടിച്ചില്ല. പിന്നീട്, അവർ അവനെ കുരിശിൽ തറച്ചു. അതിനുശേഷം അവർ അവന്റെ വസ്ത്രങ്ങൾ ഭാഗിച്ച് ഓരോരുത്തരും എടുക്കേണ്ട വീതത്തിനു കുറിയിട്ടു*" (15,22-24).

കാര്യമായ വിശദീകരണങ്ങളൊന്നുമില്ലാതെയും, ശാരീരിക വേദനകളുടെ വർണ്ണനകൾ കൂടാതെയും വളരെ ചുരുങ്ങിയ വാക്കുകളിൽ ലളിതമായാണ് ഈശോയെ കുരിശിൽ തറയ്ക്കുന്ന സംഭവം മർക്കോസ് രേഖപ്പെടുത്തുന്നത്. 'തലയോട്ടി' എന്നർത്ഥമുള്ള 'ഗുൽഗുൽത്താ' എന്ന അറമായ പദത്തിന്റെ ഗ്രീക്കു പരിഭാഷയാണ് 'ഗൊൽഗോഥാ' എന്ന വാക്ക്. ആ സ്ഥലത്തിന് തലയോട്ടിയുടെ ആകൃതിയുണ്ടായിരുന്നിരിക്കാം. ആദത്തിന്റെ തല കിടന്നിരുന്ന സ്ഥലമാണതെന്ന ഒരു പാരമ്പര്യം നിലവിലുണ്ടായിരുന്നതായി വി.ജറോം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പാപത്തിന്റെ ഫലമായി ശിക്ഷയ്ക്കും മരണത്തിനും വിധേയനായ മനുഷ്യനെ രക്ഷിക്കുവാൻ വേണ്ടിയാണ് ഈശോ കുരിശിൽ തറയ്ക്കപ്പെട്ടത്. മീറ കലർത്തിയ വീഞ്ഞ് ഈശോയുടെ വേദന കുറയ്ക്കാൻവേണ്ടി നല്കിയതായിരിക്കണം (സുഭാ 31,6-7). എന്നാൽ മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള സഹനങ്ങൾ പൂർണ്ണബോധത്തോടെ ഏറ്റുവാങ്ങാൻ നിശ്ചയിച്ചിരുന്നതിനാൽ ഈശോ അതു കുടിച്ചില്ല. കുരിശിൽ മയങ്ങിക്കിടന്നുകൊണ്ടല്ല, പൂർണ്ണമായ അവബോധത്തോടെയാണ് ഈശോ മനുഷ്യരക്ഷ സാധിച്ചത്. "അവനോടുകൂടെ രണ്ടു കവർച്ചക്കാരെയും അവർ കുരിശിൽ തറച്ചു. ഒരുവനെ അവന്റെ വലത്തുവശത്തും അപരനെ ഇടത്തുവശത്തും" (15,27-28). പാപികളെ രക്ഷിക്കുവാൻ ഈശോ പാപികളോടൊപ്പം കുരിശിൽ തറയ്ക്കപ്പെട്ടു. ഇപ്രകാരം ഈശോയുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും രക്ഷാകരമൂല്യം വ്യക്തമാക്കിക്കൊണ്ടാണ് മർക്കോസ് ഈ രംഗം അവസാനിപ്പിക്കുന്നത്.

ദൈവപുത്രത്വത്തെ സംബന്ധിച്ചിടത്തോളം സഹനത്തിന്റെ പ്രസക്തി വ്യക്തമാക്കുന്ന ഒരു കാഴ്ചപ്പാട് റോമാക്കാർക്കുള്ള പൗലോസ്ശ്ലീഹായുടെ ലേഖനത്തിൽ കാണുന്നുണ്ട്. ശ്ലീഹാ പറയുന്നു: "നാം മക്കളെങ്കിൽ അവകാശികളുമാണ്; ദൈവത്തിന്റെ അവകാശികളും മിശിഹായുടെ കൂട്ടവകാശികളും. എന്തെന്നാൽ അവനോടൊപ്പം ഒരിക്കൽ മഹത്ത്വപ്പെടേണ്ടതിന് ഇപ്പോൾ അവനോടുകൂടെ നാം പീഡയനുഭവിക്കുന്നു" (റോമാ 8,17). സഹനത്തിലൂടെ മഹത്ത്വത്തിൽ പ്രവേശിക്കുക എന്നത് ദൈവപുത്രസഹജമായ അവകാശമാണ്. അതുകൊണ്ട് ഈശോ ബോധപൂർവം കുരിശുമരണത്തിന്റെ സഹനം ഏറ്റെടുക്കുകയാണ്. ഈശോയോടൊപ്പം

കുരിശു വഹിക്കാൻ ഭാഗ്യം ലഭിച്ച കിറേനക്കാരൻ ശിമയോന്റെ കാര്യവും ഈ സന്ദർഭത്തിൽ മർക്കോസ് പരാമർശിക്കുന്നുണ്ട്. അലക്സാണ്ടറിന്റെയും റൂഫസിന്റെയും പിതാവായിട്ടാണ് ശിമയോനെ മർക്കോസ് പരിചയപ്പെടുത്തുന്നത് (15,21). റോമിലെ ക്രിസ്ത്യാനികൾക്ക് അവർ പരിചിതരായിരുന്നു (റോമാ 16,13). ഈശോയുടെ സഹനത്തിൽ പങ്കുചേരുന്ന ശിമയോൻ, ഇപ്പോൾ ദൈവപുത്രനായ മിശിഹായോടുകൂടെ പീഡയനുഭവിക്കുന്ന ദൈവപുത്രരായ ക്രൈസ്തവരെ പ്രതിനിധീകരിക്കുന്നു. പുരോഹിതജീവിതത്തിലെ സഹനങ്ങളും ദൈവപുത്രസഹജമായ അവകാശമായി കരുതി രക്ഷാകരമാക്കുവാൻ നാം പരിശ്രമിക്കണം.

**4. വെല്ലുവിളികളെ നേരിടുന്ന ദൈവപുത്രത്വം**

"*ഞങ്ങൾ കണ്ടു വിശ്വസിക്കുന്നതിനുവേണ്ടി ഇസ്രായേലിന്റെ രാജാവായ മിശിഹാ ഇപ്പോൾ കുരിശിൽനിന്ന് ഇറങ്ങിവരട്ടെ. അവനോടൊപ്പം ക്രൂശിക്കപ്പെട്ടവരും അവനെ പരിഹസിച്ചു*" (15,32).

ഈശോയെ കുരിശിൽ തറയ്ക്കുന്നതിനും ഈശോയുടെ മരണത്തിനുമിടയ്ക്കുള്ള സമയം മുഴുവൻ ഈശോ പരിഹസിക്കപ്പെടുന്ന ചിത്രമാണ് മർക്കോസ് അവതരിപ്പിക്കുന്നത്. "അതിലെ കടന്നുപോയവർ" പൊതുജനത്തിന്റെ പ്രതിനിധകളാണ്. 14,58 ൽ ഈശോയ്ക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് അവരുടെ പരിഹാസം. ദൈവാലയം നശിപ്പിച്ച് മൂന്നു ദിവസംകൊണ്ടു പണിയുന്നവൻ കുരിശിൽനിന്നിറങ്ങി വരട്ടെ എന്നതാണ് അവരുടെ പരിഹാസം (15,29-30). യഥാർത്ഥത്തിൽ തന്റെ ശരീരമാകുന്ന പുതിയ ദൈവാലയം പണിയുന്ന പ്രക്രിയയിലാണ് അവിടുന്ന് എന്നത് അവർ അറിയുന്നില്ല. ഈശോയെ പരിഹസിച്ച രണ്ടാമത്തെ സംഘം പുരോഹിതപ്രമുഖന്മാരും നിയമജ്ഞരുമടങ്ങുന്നതാണ് (15,31-32). മറ്റുള്ളവരെ രക്ഷിക്കുന്നവന് സ്വയം രക്ഷിക്കാൻ കഴിയാത്തതാണ് അവരുടെ പരിഹാസത്തിനു കാരണം. മറ്റുള്ളവരെ രക്ഷിക്കാൻവേണ്ടിയാണ് ഈശോ സ്വയം രക്ഷിക്കാത്തത് എന്ന് അവർ അറിയുന്നില്ല. ഈശോയെ പരിഹസിക്കുന്ന മൂന്നാമത്തെ സംഘം മറ്റു രണ്ടു കുറ്റവാളികളുടേതാണ്. ഈ മൂന്നു സംഘങ്ങളുടെയും പരിഹാസം സൂചിപ്പിക്കുന്നത്, സമൂഹത്തിൽ എല്ലാവരാലും -ഏറ്റവും ഉന്നതർ മുതൽ ഏറ്റവും താഴ്ന്നവർവരെ- പരിഹ

സിക്കപ്പെട്ടും തിരസ്കരിക്കപ്പെട്ടുമാണ് ഈശോ മരിക്കുന്നതെന്നാണ്.

ഈശോയുടെ ദൈവപുത്രത്വത്തിനു നേരെ ഉയർത്തപ്പെട്ട വെല്ലുവിളികളാണ് ഈ പരിഹാസങ്ങൾ. എല്ലാവരും ഒന്നടങ്കം ഈശോയോട് ആവശ്യപ്പെട്ടത് ഒന്നുമാത്രം: കുരിശിൽനിന്നിറങ്ങി വരിക (മർക്കോ 15,30 –32; മത്താ 27,44). ഈശോയ്ക്ക് കുരിശിൽനിന്നിറങ്ങി വരാൻ കഴിയാതിരുന്നത്, ഒരൊറ്റ കാരണംകൊണ്ടാണ് - അനുസരണം. പിതൃഹിതത്തോടുള്ള പുത്രന്റെ അനുസരണം. പീഡാനുഭവത്തിന്റെ തുടക്കത്തിൽ ഈശോയുടെ പ്രാർത്ഥനയിൽ അതു വ്യക്തമാക്കപ്പെട്ടു. "ആബ്ബാ, പിതാവേ, എല്ലാം അങ്ങേക്കു സാധ്യമാണ്. ഈ പാനപാത്രം എന്നിൽനിന്നു മാറ്റിത്തരണമേ! എന്നാൽ എന്റെ ഹിതമല്ല, അങ്ങയുടെ ഹിതംമാത്രം" (14,36). ദൈവഹിതപ്രകാരം നാമോരോരുത്തരും തറയ്ക്കപ്പെട്ട കുരിശിൽനിന്ന് ഇറങ്ങിവരാനുള്ള പ്രലോഭനം എല്ലാ ജീവിതാന്തസ്സിലുള്ളവർക്കും ഉണ്ടാകാം. ഒരിക്കലും നന്നാകാത്ത ഭർത്താവുമായുള്ള വിവാഹബന്ധമെന്ന കുരിശിൽനിന്ന്; വൃദ്ധരും തീരാരോഗികളും അസംതൃപ്തരുമായ മാതാപിതാക്കളുമൊത്തുള്ള ജീവിതമെന്ന കുരിശിൽനിന്ന്; വഴി പിഴച്ചവരും കുടുംബദ്രോഹികളുമായ മക്കളോട് എന്നും ക്ഷമിച്ചുകൊണ്ടുള്ള സഹനജീവിതത്തിൽനിന്ന്; എത്ര പണിപ്പെട്ടിട്ടും ഫലം കാണാത്ത അജപാലനശുശ്രൂഷാജീവിതമാകുന്ന കുരിശിൽനിന്ന്... നാമോരോരുത്തരും തറയ്ക്കപ്പെട്ടിരിക്കുന്ന കുരിശിൽനിന്ന് ഇറങ്ങിവരാൻ സാധിക്കുന്നതാണ് ദൈവംകൂടെയുണ്ടെന്നുള്ളതിന്റെ അടയാളമെന്നു തോന്നാം. എന്നാൽ കുരിശിൽനിന്നിറങ്ങുന്നവനല്ല, മറ്റുള്ളവർക്കുവേണ്ടി കുരിശിൽ കിടക്കുന്നവനാണ് ദൈവപുത്രൻ.

**5. ലോകത്തിനു സാക്ഷ്യമായിത്തീരുന്ന ദൈവപുത്രത്വം**

"*അവന് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ, അവൻ ഇപ്രകാരം മരിച്ചതു കണ്ടു പറഞ്ഞു: സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു*" (15,39).

ഈശോയുടെ മരണവും സംസ്കാരവുമാണ് ഈ സുവിശേഷഭാഗം അവതരിപ്പിക്കുന്നത്. മർക്കോസിന്റെ സുവിശേഷത്തിൽ ക്രൂശിതനായ ഈശോ ഉച്ചരിച്ച ഒരേയൊരു വചനം സങ്കീ 22,1 ലെ പീഡയനുഭവിക്കുന്ന നീതിമാന്റെ, ഏറ്റവും ഹൃദയസ്പൃക്കായ വാക്കുകളിൽ,

ദൈവത്തെ വിളിച്ചുള്ള നിലവിളിയാണ്. കുരിശിൽ ഈശോയ്ക്ക് അനുഭവപ്പെട്ട തകർച്ചയും ദുഃസ്സഹവേദനയും ഏകാന്തസഹനവും പരിത്യക്തതയുടെ പാരമ്യവും ഈ നിലവിളി പ്രകാശിപ്പിക്കുന്നുണ്ട്. ദൈവം തന്നെ ഉപേക്ഷിച്ചതുപോലെ അവിടുത്തേക്ക് അനുഭവപ്പെട്ടു. ദൈവത്തിൽനിന്നു വിഛേദിക്കപ്പെടുന്ന പാപികളുടെ അനുഭവത്തോടു സദൃശ്യമായഅനുഭവമായിരിക്കണം ഈ നിലവിളിയിൽ പ്രതിധ്വനിക്കുന്നത്. പാപികളോടു താദാത്മ്യപ്പെട്ടുകൊണ്ട് പാപികളെ രക്ഷിക്കുന്ന ദൈവപുത്രത്വമാണ് ഇവിടെ പ്രകടമാകുന്നത്. അതേസമയം, "എന്റെ ദൈവമേ! എന്റെ ദൈവമേ!" എന്ന സംബോധനയിൽ ദൈവത്തിലുള്ള തന്റെ വിശ്വാസവും പ്രത്യാശയും നിഴലിക്കുന്നുണ്ട്. വിലാപത്തിലാരംഭിക്കുന്ന 22-ാം സങ്കീർത്തനം അവസാനിക്കുന്നത് ദൈവം നല്കുന്ന സംരക്ഷണത്തെയും രക്ഷയെയും പറ്റിയുള്ള ഉറച്ച പ്രത്യാശയിലും നന്ദിപ്രകാശനത്തിലുമാണ് (സങ്കീ 22,19-31). ഈശോയുടെ നിലവിളിയിൽ ഇതും പ്രതിധ്വനിക്കുന്നുണ്ട്. അതികഠോരസഹനത്തിന്റെ അഗാധതലങ്ങളിൽനിന്നു ദൈവം പ്രിയപുത്രനെ ഉത്ഥാനത്തിന്റെ ഉന്നതങ്ങളിലേക്കുയർത്തുമെന്ന പ്രത്യാശയും ഈ നിലവിളി ഉൾക്കൊള്ളുന്നുണ്ട്.

ക്രൂശിക്കലിനു നേതൃത്വംകൊടുത്ത ശതാധിപൻ ഈശോയുടെ മരണം നേരിൽകണ്ട്, അവിടുത്തെ ദൈവപുത്രത്വം ഏറ്റുപറയുന്നു: "അവൻ ഇപ്രകാരം മരിച്ചതു കണ്ടു പറഞ്ഞു: സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (15,39). ഈശോ മരിച്ചത് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടാണ് (15,37). ഈ നിലവിളിയുടെ പൊരുൾ എന്താണെന്ന് ബൈബിൾ വ്യാഖ്യാതാക്കൾ വിശകലനം ചെയ്യുന്നുണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ "എല്ലാം പൂർത്തിയായിരിക്കുന്നു" എന്നു പറഞ്ഞ് "ആത്മാവിനെ സമർപ്പിച്ചു" എന്നാണ് (19,30) ഈശോയുടെ മരണത്തെ അവതരിപ്പിക്കുന്നത്. പിതാവ് തന്നെ ഏല്പിച്ച രക്ഷാകരദൗത്യം അതിന്റെ തികവിൽ പൂർത്തീകരിച്ചു എന്ന പുത്രന്റെ സംതൃപ്തിയാണ് ഈ നിലവിളിയിൽ പ്രതിധ്വനിച്ചത് എന്നു ചിന്തിക്കുന്നതിൽ തെറ്റില്ല. സാധാരണ കുറ്റവാളികളുടെ മരണത്തിൽനിന്നും വ്യത്യസ്തമായ ഒരു മരണമായിരുന്നു ഈശോയുടേത് എന്നതാണല്ലോ ശതാധിപനെ ഈശോയുടെ ദൈവപുത്രത്വം ഏറ്റുപറയാൻ നിർബന്ധിച്ചത്. അത് തന്റെ പിതാവിന്റെ

ഹിതം അതിന്റെ തികവിൽ പൂർത്തിയാക്കിയ ഈശോയുടെ പുത്രസഹജമായ, സംതൃപ്തിയോടുകൂടെയുള്ള മരണമായിരിക്കണം. 'ദൈവത്തിൽനിന്നു വന്നു, ദൈവത്തിലേക്കു പോകുന്നു' എന്നു വിശ്വസിക്കുന്ന ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ അടിസ്ഥാനപരമായ സംതൃപ്തിയുടെയും സന്തോഷത്തിന്റെയും കാരണം ജീവിതത്തിൽ ദൈവഹിതം പൂർത്തിയാക്കി എന്നതായിരിക്കും. മിശിഹായുടെ പ്രതിപുരുഷനായ പുരോഹിതനെ സംബന്ധിച്ചിടത്തോളം ഇപ്രകാരമുള്ള സന്തോഷവും സംതൃപ്തിയുമായിരിക്കും ഏറ്റം വലിയ ജീവിതസാഫല്യവും സാക്ഷ്യവും.

**ജീവിതസൂചിക**

1. പിതാവായ ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുന്ന ദൈവപുത്രർക്കടുത്ത ജീവിതമാണോ ഞാൻ നയിക്കുന്നത്?
2. മനസ്സിലാക്കപ്പെടാതെ നിന്ദനവും പരിഹാസവും നേരിടേണ്ടി വരുന്ന സന്ദർഭങ്ങളെ നിശബ്ദമായി സ്നേഹത്തോടെ നേരിടാൻ എനിക്കു കഴിയുന്നുണ്ടോ?
3. പുരോഹിതജീവിതത്തിൽ അനുഭവപ്പെടുന്ന സഹനങ്ങളെ ദൈവപുത്രസഹജമായ അവകാശങ്ങളായി കരുതി രക്ഷാകരമാക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
4. ദൈവഹിതപ്രകാരം നേരിടേണ്ടി വരുന്ന സഹനങ്ങളെ ഒഴിവാക്കാനുള്ള പ്രലോഭനങ്ങളെ ഞാൻ എങ്ങനെ നേരിടുന്നു?
5. എല്ലാം പൂർത്തിയാക്കി എന്ന സംതൃപ്തിയോടെ മരണത്തെ നേരിടാൻ തക്കവിധമാണോ ഞാൻ ജീവിക്കുന്നത്?

# വാർത്തകൾ

## സിബി ജോർജ് ഇന്ത്യയുടെ വത്തിക്കാൻ സ്ഥാനപതി

ന്യൂഡൽഹി: സിബി ജോർജിനെ ഇന്ത്യയുടെ വത്തിക്കാനിലെ സ്ഥാനപതിയായി കേന്ദ്രസർക്കാർ നിയമിച്ചു. 1993 ഐ.എഫ്.എസ്. ബാച്ചിലെ ഓഫീസർ ആണ് സിബി ജോർജ്. ഇപ്പോൾ അദ്ദേഹം സ്വിറ്റ്സർലണ്ടിന്റെ ഇന്ത്യൻ സ്ഥാനപതി കൂടിയാണ്.

പാലാ സ്വദേശിയായ സിബി ജോർജ് സൗദി അറേബ്യ, ഇറാൻ, ഈജിപ്റ്റ്, ഖത്തർ, പാക്കിസ്ഥാൻ, അമേരിക്ക എന്നിവിടങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യൻ വിദേശകാര്യ സർവീസിലെ മികച്ച സേവനത്തിനുള്ള എസ്.കെ. സിംഗ് അവാർഡിന് സിബി ജോർജ് അർഹനായിട്ടുണ്ട്.

## വിശുദ്ധ ഫ്രാൻസിസ് അസീസി ദൈവാലയം 'സ്വച്ഛ ഐക്കണിൽ'

ന്യൂഡൽഹി: ഗോവയിലെ വിശുദ്ധ ഫ്രാൻസിസ് അസീസി ദൈവാലയവും കോൺവെന്റും കേന്ദ്രസർക്കാരിന്റെ സ്മാരക സംരക്ഷണത്തിനായുള്ള സ്വച്ഛ ഐക്കൺ ലിസ്റ്റിൽ. ഇന്ത്യയിലെ പത്ത് പ്രധാനപ്പെട്ട സ്മാരകസംരക്ഷ ലിസ്റ്റിലാണ് ഇതും ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടാം ഘട്ട ലിസ്റ്റാണിത്. പോർച്ചുഗലിൽ നിന്നും 1517-ൽ ഗോവയിലെത്തിയ എട്ടു പോർച്ചുഗീസ് വൈദികരാണ് ഈ ദൈവാലയവും കോൺവെന്റും പണി കഴിപ്പിച്ചത്. രണ്ടാംഘട്ട സ്വച്ഛ ഐക്കൺ ലിസ്റ്റിൽ, ഗോവയിലെ ഈ ദൈവാലയവും കോൺവെന്റും കൂടാതെ ഗംഗോത്രി, യമുനോത്രി, മഹാകാലേശ്വർ ക്ഷേത്രം, ചാർമിനാർ, കാലടി ഗോമതേശ്വർ, ബൈജ് നാഥ് ദാം, ഗയാതീർത്ഥ, സോമനാഥക്ഷേത്രം എന്നിവയും ഉൾപ്പെടുന്നു. കേന്ദ്ര സർക്കാരിന്റെ സ്വച്ഛ ഭാരത് മിഷന്റെ ഭാഗമായിട്ടുള്ളതാണ് സ്വച്ഛ ഐക്കൺ. ഈ തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ നല്ല രീതിയിലുള്ള വാഹനഗതാഗതം വൈദ്യുതീകരണം, തെരുവുവിളക്കുകൾ, കെട്ടിട അറ്റകുറ്റ പണികൾ, മലിനജല ശുദ്ധീകരണം, ഭൂഗർഭ ചാലുകൾ, സാനിറ്റേഷൻ സൗകര്യങ്ങൾ മുതലായവയ്ക്കുള്ള സാമ്പത്തിക സഹായം ലഭിക്കുന്നു.

## അണ്വായുധ വിപത്തിനെക്കുറിച്ച് ഓർപ്പെടുത്തി മാർപാപ്പ

വത്തിക്കാൻ സിറ്റി : പുതുവത്സരത്തലേന്ന് അണ്വായുധ വിപത്തിനെക്കുറിച്ച് ലോകത്തെ ഓർമ്മിപ്പിച്ച് ഫ്രാൻസിസ് മാർപാപ്പ.

നാഗസാക്കിയിൽ കൊല്ലപ്പെട്ട കുഞ്ഞനുജന്റെ മൃതദേഹം തോളിലേറ്റി ശ്മശാനത്തിൽ ഊഴം കാത്തുനിൽക്കുന്ന ബാലന്റെ ചിത്രം ചെറു കാർഡുകളിൽ അച്ചടിച്ചു വിതരണം ചെയ്യാനാണ് മാർപാപ്പ നിർദ്ദേശം നൽകിയത്.

കാർഡിന്റെ മറുപുറത്ത് 'യുദ്ധത്തിന്റെ ഫലം' എന്നെഴുതിയിട്ടുണ്ട്. അതിനടിയിൽ മാർപാപ്പയുടെ ഒപ്പ്.

1945 ഓഗസ്റ്റിൽ ജപ്പാനിലെ നാഗസാക്കിയിലും ഹിരോഷിമയിലും അമേരിക്ക അണുബോംബിട്ടതോടെയാണ് രണ്ടാം ലോകമഹായുദ്ധം അവസാനിച്ചത്.

അമേരിക്കൻ സൈനികൻ ജോസഫ് റോജർ ഒഡോണൽ പകർത്തിയ ചിത്രമാണ് മാർപാപ്പ കാർഡിൽ ഉൾപ്പെടുത്തിയത്.

## ക്രൈസ്തവ ഞായറാഴ്ചയുടെ പ്രാധാന്യം

വത്തിക്കാൻ സിറ്റി: ഞായറാഴ്ചത്തെ ദിവ്യബലി തിരുസഭയുടെ ജീവിതത്തിന്റെ ഹൃദയത്തിൽ പ്രതിഷ്ഠിതമായിരുന്നു. (cf. 'കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം,' No. 2177). ഉത്ഥിതനായ കർത്താവിനെ കണ്ടുമുട്ടാനും, അങ്ങനെ, അവിടുന്നിനാൽ അഭിമുഖീകരിക്കപ്പെടുന്നതിന് നമ്മെത്തന്നെ അനുവദിക്കാനും അവിടുത്തെ വചനം ശ്രവിക്കാനും അവിടുത്തെ മേശയിൽ നമ്മളെത്തന്നെ പോഷിപ്പിക്കാനും അങ്ങനെ ലോകത്തിൽ അവിടുത്തെ സജീവ മൗതികശരീരമായ തിരുസഭ ആയിത്തീരാനും ക്രൈസ്തവരായ നാം ഞായറാഴ്ച ദിവ്യബലിയിൽ പങ്കെടുക്കുന്നു.

ആദ്യസമയം മുതൽ യേശുവിന്റെ ശിഷ്യന്മാർ ഇതു മനസിലാക്കിയിരുന്നു; ഹെബ്രായർ "ആഴ്ചയിലെ ആദ്യദിവസം" എന്നു വിളിച്ചതും റോമാക്കാർ "സൂര്യന്റെ ദിവസം" എന്നു വിളിച്ചതുമായ ആഴ്ചയിലെ ദിവസത്തിൽ കർത്താവുമായുള്ള ദിവ്യകാരുണ്യ നേർക്കാഴ്ച അവർ ആഘോഷിച്ചു. എന്തെന്നാൽ, ആ ദിവസം യേശു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ശിഷ്യന്മാരോടു സംസാരിച്ചുകൊണ്ട്, അവരോടൊത്ത് ഭക്ഷിച്ചു

കൊണ്ട് അവർക്ക് പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട്, അവർക്കു പ്രത്യക്ഷപ്പെടുകയും (cf. മത്താ. 28:1; മർക്കോ. 16:9, 14; ലൂക്കാ 24:1, 13; യോഹ. 20:1, 19) ചെയ്തു. പന്തക്കുസ്തായിൽ പരിശുദ്ധാത്മാവിനെ സമൃദ്ധമായി വർഷിച്ചതും യേശുവിന്റെ പുനരുത്ഥാനം കഴിഞ്ഞ് അമ്പതാം നാളിലെ ഞായറാഴ്ചയായിരുന്നു. ഇക്കാരണങ്ങളാൽ, ഞായറാഴ്ച നമുക്ക് ഒരു വിശുദ്ധദിനമാണ്. നമ്മുടെയിടയിലും നമുക്കുവേണ്ടിയുമുള്ള കർത്താവിന്റെ സജീവസാന്നിധ്യമായ ദിവ്യകാരുണ്യാഘോഷം അതിനെ വിശുദ്ധീകരിക്കുന്നു. അങ്ങനെ ദിവ്യബലിയാണ് ഞായറാഴ്ച ക്രൈസ്തവനെ രൂപപ്പെടുത്തുന്നത്. ക്രൈസ്തവ ഞായർ ദിവ്യബലിയിലൂടെ ചലനാത്മകമാകുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം എടുത്തുപറയാൻ ആഗ്രഹിച്ചു. "ഞായറാഴ്ച സർവപ്രധാനമായ തിരുനാളാണ്. അത് വിശ്വാസികളുടെ ഭക്തിപ്രകടനത്തിനുവേണ്ടി ചൂണ്ടിക്കാണിക്കുകയും ആനന്ദത്തിന്റെയും അധ്വാനത്തിൽനിന്നുള്ള വിശ്രമത്തിന്റെയും ദിവസമാക്കാൻ നിർബന്ധിക്കുകയും ചെയ്യണം." (ദൈവാരാധനയെക്കുറിച്ചുള്ള പ്രമാണരേഖ, 106).

ക്രിസ്തുവില്ലെങ്കിൽ, ദൈനംദിനക്ഷീണത്താലും അതിന്റെ ആകുലതകളാലും ഭാവിയെക്കുറിച്ചുള്ള ഭയത്താലും ഭരിക്കപ്പെടാൻ നാം വിധിക്കപ്പെടുന്നു. കർത്താവുമായുള്ള ഞായറാഴ്ചത്തെ നേർക്കാഴ്ച ദൃഢവിശ്വാസത്തോടും ധീരതയോടുംകൂടി വർത്തമാനകാലം അനുഭവിക്കാനും പ്രത്യാശപൂർവം മുന്നോട്ടുപോകാനുമുള്ള കരുത്ത് നമുക്കു നൽകുന്നു. ഇക്കാരണത്താൽ ക്രൈസ്തവരായ നാം ഞായറാഴ്ച ദിവ്യബലിയിൽ കർത്താവിനെ കണ്ടുമുട്ടാനായി പോകുന്നു.

ദൈവത്തിന് എന്തെങ്കിലും നൽകാൻവേണ്ടിയല്ല, പ്രത്യുത യഥാർത്ഥത്തിൽ നമുക്ക് ആവശ്യമുള്ളത് അവിടുന്നിൽനിന്ന് സ്വീകരിക്കാൻവേണ്ടിയാണ് നാം ദിവ്യബലിയിൽ പങ്കെടുക്കാൻ പോകുന്നത്.

## വ്യത്യസ്തതകളെ അംഗീകരിക്കാത്ത മനോഭാവം പീഡനഹേതു: മാർപാപ്പ

വത്തിക്കാൻ സിറ്റി: നവംബർ 21-ാം തീയതി ചൊവ്വാഴ്ചയിൽ സാന്താ മാർത്താ കപ്പേളയിലർപ്പിച്ച പ്രഭാതബലിമധ്യേ പഴയനിയമത്തിലെ മക്കബായ ഗ്രന്ഥത്തിൽ നിന്നുള്ള ആദ്യവായനയെ വ്യാഖ്യാനിച്ചു സന്ദേശം നൽകുകയായിരുന്നു പാപ്പാ. യഹൂദാചാരങ്ങൾ അംഗീകരിക്കാനാവാത്ത

ഗ്രീക്കുകാർ വയോധികനായ എലെയാസറിനെ പീഡിപ്പിക്കുന്നതിന്റെ വിവരണം ഇന്ന് നിലവിലുള്ള വ്യത്യസ്ത തരത്തിലുള്ള പീഡനങ്ങളെക്കുറിച്ചുള്ള വിചിന്തനത്തിലേക്കു പാപ്പായെ നയിക്കുകയായിരുന്നു. പാപ്പാ പറഞ്ഞു: "മതപരവും രാഷ്ട്രീയവും സാംസ്കാരികവുമായ പീഡനങ്ങളുണ്ട്" തുടർന്ന് സാംസ്കാരികമായ പീഡനത്തെ പാപ്പ ഇങ്ങനെ വിശദീകരിച്ചു: "സാംസ്കാരികമായ കോളനിവത്കരണത്തിന്റെ ഉദാഹരണത്തിനായി നാം ഏറെദൂരം പോകേണ്ടതില്ല. കഴിഞ്ഞ നൂറ്റാണ്ടിലെ വംശക്കുരുതി ഓർക്കുക എല്ലാവരും ഒരുപോലെയാകുക എന്ന ആദർശം പുലരുന്നിടത്ത് ശുദ്ധരക്തം ഇല്ലാത്തവർ പുറന്തള്ളപ്പെടും.

തുല്യത തേടുന്നിടത്ത് വ്യത്യസ്തതകൾക്കു സ്ഥാനമില്ല. മറ്റുള്ളവർക്ക് സ്ഥാനമില്ല. ദൈവത്തിനു സ്ഥാനമില്ല. ഇത് വഴിതെറ്റിയവരാണ്. വക്രതയുള്ള ഈ ആദർശവേരുകളിൽ നിന്നുയർന്നുവരുന്ന സാംസ്കാരികമായ കോളനിവത്ക്കരണത്തിന്റെ ഇരയാവുകയാണ് എലെയാസർ എന്ന പഴയനിയമ കഥാപാത്രം."